بسم الله الرحمن الرحيم

الحمد لله رب العالمين الذي خلق الإنسان وعلمه البيان وعلم الإنسان ما لم يعلم وصلى الله وسلم على سيدنا محمد الذي قال "خيركم من تعلم القرآن وعلمه" ورضي الله عن القراء العشرة المشهورين وتلاميذهم إلى يوم القيامة ورضي عنا معهم برحمته ومنه.

വിശുദ്ധ ഖുർആൻ പ്രപഞ്ചനാഥൻെറ പരിശുദ്ധ കലാമാണ്. മാനവ കുലത്തിന് മാർഗ ധർശകവും ദിശാബോധവും നൽകി കാലത്തിൻെറ ഗതിമാററിയ അൽഭുത ഗ്രന്ഥം. ആ അൽഭുതങ്ങളുടെ ആഴിയിലെ മുത്തുകളും പവിഴങ്ങളും പോലെതന്നെ ഹൃദ്യവും ആകർഷ കവുമത്രെ അതിൻെറ വശ്യമായ പാരായണം. എത്രയെത്ര കഠിനഹൃദയങ്ങളെയാണത് മഞ്ഞുപോലെ ഉരുക്കിക്കളഞ്ഞത്...! എത്ര ശത്രുക്കളെയും വിരോധികളെയുമാണ് അത് മിത്രങ്ങളും സത്യഗ്രന്ഥത്തിൻെറ വാഹകരുമാക്കിയത്...!

അല്ലാഹുവിൻെറ 'കലാം' നേരിട്ടു മറയില്ലാതെ കേട്ടത് നമ്മുടെ നബി صلى الله عليه وسلم തങ്ങളും മൂസാ നബി عليه السلام മുമാണ്. ആ കേൾവിയുടെ ആനന്ദം നൽകി അല്ലാഹു നമ്മേയും മാതാപിതാക്കളെയും ഉസ്താദുമാരെയും കുടുംബത്തെയും മക്കളെയും എല്ലാ മുസ്ലിമീങ്ങളെയും പരലോകത്ത് അനുഗ്രഹിക്കട്ടെ.
കൈയേററങ്ങൾക്കോ മാററത്തിരുത്തലുകൾക്കോ വിധേയമായിട്ടില്ലാത്ത അല്ലാഹുവിൻെറ പരിശുദ്ധകലാം പാരായണം ചെയ്യുവാനും കേൾക്കുവാനുമുള്ള മഹത്തായ സൗഭാഗ്യം നൽകി അല്ലാഹു ഈ സമുദായത്തെ സവിശേഷപ്പെടുത്തിയിരിക്കുന്നു.

ഇരുപത്തിമൂന്നു വർഷത്തിനകം സന്ദർഭോചിതം അൽപാൽപമായി അവതരിപ്പിച്ചു കൊണ്ടും വർഷാന്തം അതിൻെറ സ്ഥാനവും ക്രമവും അദ്ധ്യായങ്ങളും തിട്ടപ്പെടുത്തി പഠിപ്പിച്ചുകൊണ്ടുമാണ് അല്ലാഹു വിശുദ്ധ ഖുർആനിനെ വള്ളിപുള്ളി വ്യത്യാസത്തിനി ടംവരാതെ കാത്തുസൂക്ഷിച്ചത്. വിശുദ്ധഖുർആനിൻെറ വാക്യങ്ങൾ മാത്രമല്ല അതിൻെ പാരായണവും അല്ലാഹു തന്നെ നേരിട്ടവതരിപ്പിച്ചു പഠിപ്പിച്ചതാണ്. അതിനാൽ വാ ക്യങ്ങളെപ്പേലെതന്നെ അതിൻെറ പാരായണത്തിലും അതിൻെറ തനിമ കാത്തു സൂക്ഷി ക്കപ്പെടേണ്ടതുണ്ട് ഖുർആനിൻെറ ദൈവവികതയും അതിൻെറ അമാനുഷികതയും അതിൻെറ പാരായണത്തിലും കുടിക്കൊള്ളുന്നുണ്ടെന്നതാണ് പ്രധാന കാരണം. ഇതര സാഹിത്യസൃഷ്ടികൾ പോലെ അനുവാചകൻെറ ഇഷ്ടംപോലെ വായിക്കാൻ പററുന്നതല്ല അല്ലാഹുവിൻെറ കലാം.

ഖുർആനിൻെറ പദങ്ങൾ, അതിൻെറ നിസ്തുലകോർവ്വ, അജയ്യമായ ആശയങ്ങൾ എന്നിവ അവതരണകാലത്തും ശേഷവുമുള്ള ഏതു സഹൃദയരെയും അമ്പരപ്പിച്ചിട്ടുളതു പോലെ വശ്യമായ അതിൻറ പാരായണവും ഭാഷാപടുക്കളെയും സാഹിത്യാസ്വാദകരെ യും അതിശയിപ്പിച്ചിട്ടുണ്ട്. പാരായണത്തിലും ഇഅ്ജാസ് (അമാനുഷികത) കുടികൊള്ളു ന്നതു കൊണ്ടാണിത്.

ഖുർആനിൻെറ വശ്യമായ പാരായണത്തിൻെറ മാധുര്യം അത്യാകർഷകമാക്കുന്നതിനും അതിൻെറ സ്വീകാര്യതക്കുതന്നെയുമമുള്ള നിയമങ്ങളും വ്യവസ്ഥകളും ഉൾക്കൊള്ളുന്ന വിജ്ഞാന ശാസ്ത്രമത്രെ തജ്വീദുൽ ഖുർആൻ.

തജ്വീദ് എന്നതിൻെറ ഭാഷാർത്ഥം: 'നന്നാക്കൽ' എന്നും സാങ്കേതികാർത്ഥം: 'ഓരോ അ ക്ഷരങ്ങൾക്കും അതിൻെറ മഖ്റജ്, സ്വിഫത്ത് എന്നീ അനിവാര്യതകളെ നൽകലുമാണ്'.

## ഖുർആനിൻെറ റുക്നുകൾ
## ഖുർആനിൻെറ നിർബന്ധ ഘടകങ്ങൾ മൂന്നെണ്ണമാണ്:

1) നബി صلى الله عليه وسلم യിലേക്ക് ചെന്ന് ചേരുന്ന വ്യക്തമായ പരമ്പര ഉണ്ടാവുക.
2) പാരായണം അറബി ഗ്രാമറിൻെറ നിയമങ്ങളിൽ ഏതെങ്കിലുമൊന്നിനോട് യോജിച്ചിരിക്കുക.
3) പാരായണം റസ്മുൽ ഉസ്മാനിയോട് യോജിച്ചിരിക്കുക.

## പ്രസിദ്ധ ഖാരിഉകൾ : القراء المشهور

| മരണം (H) | ജനനം (H) | നാട് | പേര് | S.No. |
|---|---|---|---|---|
| 169 | 70 | മദീന | نافع بن عبد الرحمن الليثي رحمه الله | 1 |
| 120 | 45 | മക്ക | عبد الله بن كثير التابعي رحمه الله | 2 |
| 154 | 68 | ബസറ(ഇറാഖ്) | أبو عمرو ريان بن العلاء رحمه الله | 3 |
| 118 | 21 | ഷാമ് | أبو نعيم عبد الله بن عامر التابعي رحمه الله | 4 |
| 128 | - | കൂഫ | أبو بكر عاصم بن أبي النجود التابعي رحمه الله | 5 |
| 156 | 80 | കൂഫ | حمزة بن حبيب الزيان رحمه الله | 6 |
| 189 | 119 | കൂഫ | أبو الحسن علي بن حمزة الكسائي النحوي رحمه الله | 7 |
| 132 | 41 | മദീന | أبو جعفر يزيد بن القعقاع المدني التابعي رحمه الله | 8 |
| 205 | 117 | ബസ്വറ | أبو محمد يعقوب بن إسحاق الحضرمي البصري رحمه الله | 9 |
| 229 | 150 | ബഗ്ദാദ് | أبو محمد خلف بن هشام الأسدي البغدادي رحمه الله | 10 |

മേൽപറഞ്ഞ ഇമാമുകളിൽ ആദ്യത്തെ എഴു പേർ 'ഖുർറാഉസ്സബ്അ' (القراء السبعة) എന്നറിയപ്പെടുന്നു. ഇവരുടെ ഖിറാഅത്ത് വിശ്വാസയോഗ്യമാണെന്ന് ഐകകണ്ഠേന തീരുമാനിക്കപ്പെട്ടതാണ്.

ഖുർആൻ പാരായണ ശാസ്ത്രത്തിലെ ഏഴു മദ്ഹബുകളായി ഇവയെ നമുക്ക് മനസ്സിലാക്കാം. ഈ ഏഴു ഖിറാഅത്തുകളും നബി صلى الله عليه وسلم യിൽന്നും അനിഷേധ്യമായ പരമ്പരയിലൂടെ സ്ഥിരപ്പെട്ടതുകൊണ്ട് എല്ലാം സത്യാമയ ഖിറാഅത്താണ്.

അല്ലാഹു ഈ മഹാൻമാരുടെ ബറക്കത്തു കൊണ്ട് ഭംഗിയായി ഖുർആൻ പാരായണം ചെയ്യാനും അവരോടൊന്നിച്ച് സ്വർഗലോകത്ത് ഒരുമിച്ചുകൂടാനും നമുക്കും കുടുംബത്തിനും ഭാഗ്യം നൽകട്ടെ, ആമീൻ.

മുകളിൽ കൊടുത്ത പത്തു പേരിൽ ആദ്യത്തെ ഏഴു ഇമാമുകളിൽ എതെങ്കിലുമൊരാളെ അനുകരിച്ചല്ലാതെ ഖുർആൻ പാരായണം പാടില്ലെന്നാണ് പണ്ഡിത പക്ഷം.

പത്ത് പേരിൽ അവസാനത്തെ മൂന്ന് ഇമാമുകളും ഇപ്രകാരം തന്നെയാണെന്നും ഇവരെ അനുകരിച്ചാലും മതിയെന്നും ചില ഇമാമുകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ തർക്കമററ ഏഴു ഖിറാഅത്തുകളിൽ ഒന്നു അനുകരിച്ചു ഓതണമെന്നതിൽ അഭിപ്രായാന്തരമില്ല. ശേഷമുളള മൂന്നിൽ അഭിപ്രായ വ്യത്യസമുളളതും ഈ പത്തിൻെറയും പുറത്തുളള ഒന്ന് അനുകരിച്ചു കൂടെന്നതിലും പണ്ഡിതൻമാർ ഏകോപിതരായിരിക്കുന്നു.

ഇവരിൽ നിന്ന് ആയിരക്കണക്കായ ശിഷ്യൻമാർ ദശവൽസരങ്ങൾ ചെലവഴിച്ച് നബി صلى الله عليه وسلم യുടെ ഖുർആൻ പാരായണത്തിൻെറ ഉച്ചാരണവും ശൈലിയും ഹൃദിസ്ഥമാക്കി. ഇവർക്ക് 'റാവി'കൾ (റിപ്പോർട്ടർമാർ) എന്ന് പറയുന്നു. ഇവർക്കുശേഷമുളള പരമ്പരയിൽ അവസാന കണ്ണിവരെ ഉളളവർക്ക് 'ത്വരീഖ്' എന്നും പറയുന്നു. ഈ പരമ്പരകളിലൂടെ ലോകാവസാനം വരെ ഖുർആൻ ശുദ്ധൻമാരുടെ ഹൃദയങ്ങളിൽ സൂക്ഷിക്കപ്പെടുന്നു.

മേൽപറയപ്പെട്ട ഖിറാഅത്തിൻെറ ഇമാമുകളിൽ പെട്ട ആസ്വിമുൽ കൂഫി رحمه الله എന്നവരുടെ ഖിറാഅത്ത് അവരുടെ റാവിയായ ഹഫ്സസ്വ് رحمه الله

(أبو عمرو حفص بن سليمان -رحمه الله- ولد سنة ٩٠ وتوفي سنة ١٨٠هـ بالكوفة)

എന്നവർ റിപ്പോർട്ട് ചെയ്തതനുസരിച്ചാണ് ഇന്നു ലോകത്തിൽ ബഹുഭൂരിപക്ഷം രാജ്യങ്ങളിലും നടക്കുന്നത്. നമ്മുടെ കേരളത്തിലും അധിക ഗൾഫ്രാജ്യങ്ങളിലും ഈ ഖിറാഅത്താണ്. മശ്ഹൂറായ ഖാരിഉകളിൽ സനദിനാൽ ഏററവും ശരിയായതും ഖിറാഅത്തിൽ ഏററവും ഉത്തമമായതും അറബി ഭാഷാ നിയമമനുസരിച്ച് ഏററവും സാഹിത്യമായതുമാണ് ആസ്വിമുൽ കൂഫിയുടെ നാം ഓതുന്ന ഖിറാഅത്ത്.

خذوا القرآن من أربعة "നാലാളുകളിൽ നിന്ന് നിങ്ങൾ ഖുർആൻ കരസ്ഥമാക്കൂ' എന്ന തിരുനബി صلى الله عليه وسلم യുടെ സ്വഹീഹായ ഹദീസിൽ പരാമർശിച്ച, സ്വഹാബത്തിൻെറ കൂട്ടത്തിൽ നിന്ന് അല്ലാഹുവിൻെറ റസൂൽ صلى الله عليه وسلم ഖുർആൻ പഠിപ്പിക്കുവാൻ പ്രത്യേകം അനുവാദം നൽകപ്പെട്ട അഥവാ വാമൊഴിയായി അംഗീകാരപത്രം ലഭിച്ച, അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه ഉബയ്യുബ്നു കഅ്ബ് رضي الله عنه സാലിം رضي الله عنه മുആദുബ്നു ജബൽ رضي الله عنه എന്നീ നാലാളുകളിൽ നിന്ന് ആദ്യം പറയപ്പെട്ട രണ്ടാളുകൾ ആസ്വിം رحمه الله എന്നവരുടെ സനദിൽ പെട്ടിട്ടുണ്ടെന്നത് അദ്ദേഹത്തിൻെറ സനദിന് മാററുകൂട്ടുന്നുമുണ്ട്.

## *നമ്മുടെ 'സനദ്' (ഉസ്താദുമാരുടെ പരമ്പര)*

നമ്മുടെ 'ത്വരീഖ്' മുകളിൽ പറഞ്ഞ ഖാരിഉകളിൽ അഞ്ചാമത്തെയാളായ ആസിം رحمه الله ൻെറ ശിഷ്യനായ ഹഫ്സ് رحمه الله ലേക്കാണ് ചെന്നു മുട്ടുന്നത്.

നബി صلى الله عليه وسلم യിലേക്ക് ചെന്നുമുട്ടുന്ന നമ്മുടെ ഉസ്താദുമാരുടെ പരമ്പര കാണുക :

**١) القارئ أبو الوفا كي وي عبد الرحمن مسليار (نور الله مرقده)**

ഇവരിൽ നിന്ന് തജ്‌വീദ് പഠിക്കാൻ ഭാഗ്യം ലഭിച്ചവനാണ് ഈ എളിയവൻ. അല്ലാഹു സ്വീകരിക്കട്ടെ, നമ്മുടെ ഉസ്താദുമാർക്ക് അർഹമായ പ്രതിഫലം നൽകട്ടെ, ആമീൻ.

**(٢) الشيخ الحافظ محمد المدني مقْرِئ الباقيات الصالحات بويلور كما أجازه الشيخ عبـد الله المكـي المـدرس بمدرسة الصولتية بمكة المكرمة (٣) إبراهيم سعد بن علي المصري (٤) حسن بدير الشافعي المـصري (5) محمـد المتولي (٦) السيد أحمد التِّهامي (٧) الشيخ أحمد سلْمونة (٨) السيد إبراهيم العِبيدي (٩) الـشيخ عبـد الـرحمن الأجهوري المالكي (١٠) الشيخ أحمد البقَري (١١) الشيخ محمد البقَري (١٢) الشيخ عبد الرحمن الـيمني (١٣) الشيخ شخازةَ اليمني (١٤) الشيخ عبد الحق السِّنباطِي (١٥) شيخ الإسلام زكريا الأنصاري (١٦) الشيخ رِضوانَ العقِبي (١٧) الشيخ محمد النويري شارح الطيبة (١٨) الشيخ محمد الجزري (١٩) الإمام الأزهري ابـن اللبـان (٢٠) الشيخ أحمد صِهر الشاطبي (٢١) الشيخ أبي الحسن علي بن هذيل (٢٢) الشيخ أبي داوود سليمان بن نجاح (٢٣) الحافظ أبي عمرو الداني (٢٤) الشيخ أبي الحسن طاهر بن عبد المنعم (٢٥) الشيخ علي بن محمـد الهـاشمي (٢٦) الشيخ علي بن سهل الأشناني (٢٧) الشيخ عبيد الصباح الكوفي (٢٨) الشيخ حفص بن سليمان بن المغيرة الأسدي الكوفي (٢٩) الإمام عاصم بن أبي النجود الكوفي التابعي (٣٠) الإمام عبد الله بن حبيب السلمي وزر بن حبيش الأسدي (٣١) سيدنا أمير المؤمنين عثمان بن عفان رضي الله عنه وسيدنا علي بن أبي طالب رضي الله عنـه وسيدنا ابن مسعود رضي الله عنه وسيدنا أبي بن كعب رضي الله عنه وزيد بن ثابت رضي الله عنهم أجمعـين (٣٢) سيدنا وحبيبنا محمد صلى الله عليه وآله وسلم (٣٣) سيدنا جبريل عليه السلام ، عن اللوح المحفوظ عن رب العالمين سبحانه وتعالى**

സർവ്വശക്തനായ അല്ലാഹു അവരോടൊപ്പം നമ്മേയും മാതാപിതാക്കളേയും ശിഷ്യൻമാരെയും കൂട്ടുകുടുംബങ്ങളേയും അവൻെറ സ്വർഗത്തിൽ ഒരുമിച്ചുകൂട്ടി അനുഗ്രഹിക്കട്ടെ آمين

# مخارج الحروف

## അക്ഷരങ്ങൾ പുറപ്പെടുന്ന സ്ഥലം

അക്ഷരങ്ങളുടെ ഉൽഭവ സ്ഥാനങ്ങൾ ബലപ്പെട്ട അഭിപ്രായപ്രകാരം പതിനേഴാണ്. വായയുടെ അന്തരീക്ഷം, തൊണ്ട, നാവ്, രണ്ട് ചുണ്ടുകൾ, തരിമൂക്ക് എന്നീ അഞ്ച് സ്ഥലങ്ങളിലായിട്ടാണിത്.

ഓരോ അക്ഷരങ്ങളുടെയും മഖ്റജ് മനസ്സിലാക്കാനും താൻ ഓതുന്നത് ഓരോ അക്ഷരങ്ങളുടെയും മഖ്റജുകളിൽ നിന്ന് തന്നെയാണോ എന്നുറപ്പു വരുത്തുന്നതിനും താഴെയുള്ള മഖ്റജുകളും അവയുടെ ചിത്രങ്ങളും ഉപയോഗപ്പെടുമെന്ന് വിശ്വസിക്കുന്നു.

മഖ്റജുകൾ മനസ്സിലാക്കാനുള്ള മറ്റൊരു എളുപ്പ വഴിയാണ് ഏതക്ഷരത്തിൻെറ മഖ്റജാണോ അറിയേണ്ടത് അതിന് ശദ്ദോടുകൂടെ സുകൂനും മുമ്പ് ഹംസ “അ” യും കൊടുത്ത് ഉച്ചരിച്ചാൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഉദാ: ب “ബാഅ്” ൻെറ മഖ്റജ് അറിയാൻ أَبْ എന്നുച്ചരിച്ചു നോക്കിയാൽ മതി, ت “താഇൻെറ” ൻെറ “താഇൻെറ” മഖ്റജ് അറിയാൻ أَتْ എന്നുച്ചരിച്ചു നോക്കിയാൽ മതി.

<u>*ചിത്രങ്ങളടക്കം ഓരോ അക്ഷരത്തിന്റെയും മഖ്റജുകൾ കാണുക*</u>

| | |
|---|---|
| ا و ي (مدية) | മദ്ദക്ഷരങ്ങളായ ا و ي എന്നീ മൂന്ന് അക്ഷരങ്ങളുടെ മഖ്റജ്: വായയുടെ അന്തരീക്ഷമാണ് قَالَ ، يقُولُ ، قِيلَ |




| | |
|---|---|
| ء هـ | തൊണ്ടയുടെ താഴെ അററം |



| | |
|---|---|
| ح ع | തൊണ്ടയുടെ മദ്ധ്യം |




| | |
|---|---|
| خ غ | തൊണ്ടയുടെ മേലററം |




| | |
|---|---|
| ق | നാവിൻെറ മേലററവും മേലണ്ണാക്കും |



| | |
|---|---|
| ك | ق ന്നടുത്ത് അൽപം താഴെ |




| | |
|---|---|
| ج ش ي | നാവിൻെറ മദ്ധ്യവും അതോട് നേരിടുന്ന മേലണ്ണാക്കും |




| | |
|---|---|
| ض | നാവിൻെറ അരുനീളത്തിൽ അണപ്പല്ലുകളോട് ചേർന്ന് |



| | |
|---|---|
| ل | നാവിൻെറ അരുവിൻെറ അററവും മേലെ മുൻപല്ല് മുതൽ ചിരിപ്പല്ല് വരെയുള്ള ഊനും |




| | |
|---|---|
| ل നെ തഫ്ഖിമാക്കുമ്പോൾ | മഖ്റജ് മുമ്പ് പറഞ്ഞത് തന്നെയാകുന്നതോടെ നാവ് മേല്പോട്ട് ഉയരും |




| | |
|---|---|
| ن | നാവിൻെറ തലയും മേല മുൻപല്ലിൻെറ ഊനും. ലാമിൻെറ അൽപം താഴെ. |



| | |
|---|---|
| ر | നാവിൻെറ തലയുടെ മുതുവും മേലെ മുൻപല്ലുകളുടെ മുരടും |




| | |
|---|---|
| ر ന് തഫ്ഖീമ് നൽകുമ്പോഴുള്ള മഖ്റജ് | മഖ്റജ് നാവിൻെറ തലയുടെ മുതുവും മേലെ മുൻപല്ലുകളുടെ മുരടും തന്നെയാണ്. പക്ഷെ, നാവിൻെറ നടു മേൽപ്പോട്ടു ഉയരും |




| | |
|---|---|
| ط د ت | നാവിൻെറ തലയും മേലെ മുൻപല്ലുകളുടെ മുരടും. ط ഉച്ചരിക്കുന്ന സമയത്ത് നാവിൻെറ നടു മേൽപ്പോട്ടുയരുകയും د ലും ت ഉം ഉച്ചരിക്കുന്ന സമയത്ത് നാവ് താഴുകയും ചെയ്യും. |



| | |
|---|---|
| തഫ്ഖീമോടു കൂടെയുള്ള ط ൻെറ മഖ്റജ് | ط ഉച്ചരിക്കുന്ന സമയത്ത് നാവിൻെറ നടുഭാഗം അണ്ണാക്കിലേക്ക് ഉയരും. |




| | |
|---|---|
| ص ز س | നാവിൻെറ കൂർത്തററവും താഴെ മുൻപല്ലിൻെറ മുകൾഭാഗവും. (അഥവാ, താഴെയും മീതെയുമുള്ള മുൻപല്ലിൻെറ ഇട) |




| | |
|---|---|
| തഫ്ഖീമോടു കൂടെയുള്ള ص ൻെറ മഖ്റജ് | ص ഉച്ചരിക്കുന്ന സമയത്ത് നാവിൻെറ നടു മേൽപ്പോട്ടുയരുകയും ز ഉം س നും ഉച്ചരിക്കുന്ന സമയത്ത് നാവ് താഴുകയും ചെയ്യും. |




| | |
|---|---|
| ظ ذ ث | നാവിൻെറ അഗ്രവും മേലെ മുൻപല്ലുകളുടെ താഴെ അററവും. |



| | |
|---|---|
| തഫ്ഖീമോടു കൂടെയുള്ള ظ ന്റെ മഖ്റജ് | ظ ഉച്ചരിക്കുന്ന സമയത്ത് നാവിന്റെ നടു മേൽപ്പോട്ടുയരുകയും ذ ാലും ث ാളം ഉച്ചരിക്കുന്ന സമയത്ത് നാവ് താഴുകയും ചെയ്യും. മഖ്റജിൽ വ്യത്യാസമില്ലാതെ. |




| | |
|---|---|
| ف | താഴെ ചുണ്ടും മേലെ മുൻപല്ലുകളുടെ തലയും |




| | |
|---|---|
| و | രണ്ട് ചുണ്ടുകളുടെ ഇട. ചുണ്ടുകളുടെ നടു പരസ്പരം തട്ടാതെ |



| | |
|---|---|
| ب م | രണ്ട് ചുണ്ടുകളുടെ ഇട പരസ്പരം തട്ടുന്ന വിധത്തിൽ. |




| | |
|---|---|
| م ن (عند الغنة) | തരിമൂക്ക് (മീമും നൂനും മണിക്കുന്ന സമയത്തുള്ള മഖ്റജാണിത് അല്ലാത്ത സമയത്തുള്ള മഖ്റജ് മുമ്പ് പറഞ്ഞിട്ടുണ്ട്.) |

## പല്ലുകൾ



# صفات الحروف

## അക്ഷരങ്ങളുടെ വിശേഷണങ്ങൾ

| സ്വിഫത്തുകളുടെ ഉദ്ദേശ്യങ്ങൾ | അക്ഷരങ്ങൾ (ഓർമ്മയിലിരിക്കാൻ എളുപ്പമാകുന്ന രൂപത്തിൽ വാചകങ്ങളായാണ് കൊടുത്തത്) | സ്വിഫത്തുകളുടെ പേരുകൾ |
|---|---|---|
| നാവിൻെറ നടു മേലണ്ണാക്കോട് ചേർന്നിരിക്കുക. | ص ض ط ظ | إطباق |
| നാവ് അണ്ണാക്കുമായി അകന്നിരിക്കുക | من أخذ وجد سعة فزكا حق له شرب غيث | انفتاح |
| തെല്ലിൽ നിന്ന് പുറപ്പെടുന്നതിനാൽ ഉച്ചാരണത്തിന്ന് വേഗവും സൗകര്യവും ഉണ്ടാകുക | فر من لب | انذلاق |
| ഉച്ചാരണത്തിന്ന് പ്രയാസമുണ്ടാവുക അതിനാൽ മൂന്നിലധികം അസ്ലിയ്യായ അക്ഷരങ്ങളുള്ള പദം ഈ അക്ഷരങ്ങളാൽ മാത്രം ഉണ്ടാവില്ല. | جز غش ساخط صد ثقة إذ وعظه يحضك | إصمات |
| പക്ഷി സ്വരത്തോട് തുല്യമായ ശബ്ദം ഉണ്ടാവുക | ص ز س | صفير |
| മഖ്റജിൽ അമർത്തി ഉച്ചരിക്കുന്നത് കൊണ്ടുള്ള ചലന ശബ്ദം | قطب جد | قلقلة |
| നാവിന് വിഷമം കൂടാതെ പുറപ്പെടൽ | و ، ي ഇവരണ്ടിനും സുകൂനും മുമ്പുള്ള അക്ഷരത്തിന് ഫത്ഹുമാകുമ്പോൾ( | لين |
| സ്വന്തം മഖ്റജിൽ നിന്ന് മററ് മഖ്റജിലേക്ക് ചായുക. (റാഅ് ലാമിലേക്കും ലാം ളാദിലേക്കും ചായുക. | ل ر | انحراف |
| നാവ് പിടക്കൽ (അത് കൂടുതലാകുന്നത് സൂക്ഷിക്കുക) | ر | تكرير |
| ظ ൻെറ മഖ്റജ് വരെ കാററ് പരക്കൽ | ش | تفشي |
| നാവിൻെറ അരു നീളത്തിൽ ശബ്ദം നീളൽ. | ض | استطالة |

## أحكام النون الساكنة والتنوين

## സുകൂനുള്ള നൂനിൻെറയും തൻവീനിൻെറയും വിധികൾ

സുകൂനുള്ള നൂനിൻെറയും തൻവീനിൻെറയും നിയമങ്ങൾ അഞ്ചാണ്.

(إظهار ، إدغام بغنة ، إدغام بلا غنة ، إقلاب ، إخفاء)

*ഒന്ന് 'വെളിവാക്കൽ'* : **إظهار**

**ء ، هـ ، ح، خ ، ع ، غ** എന്നീ ആറ് അക്ഷരങ്ങൾക്ക് മുമ്പ് സുകൂനുള്ള നൂനോ തൻവീനോ വന്നാൽ അത് രണ്ടിനെയും വ്യക്തമാക്കി ഉച്ചരിക്കണം. ഈ അക്ഷരങ്ങൾക്ക് **إظهار** ൻെറ അക്ഷരങ്ങൾ എന്നും **حلق** ൻെറ അക്ഷരങ്ങൾ എന്നും പറയപ്പെടുന്നു. ഉദാഹരണം:

| تنوين | نون ساكنة | حروف |
|---|---|---|
| كُلٌّ ءَامَنَ بِٱللَّهِ | مَنْ ءَامَنَ | ء |
| كُلاًّ هَدَيْنَا | عَنْهُمْ | هـ |
| إِنَّ ٱللَّهَ سَمِيعٌ عَلِيمٌ | مِنْ عِلْمٍ | ع |
| وَٱللَّهُ عَلِيمٌ حَكِيمٌ | أَتَعْبُدُونَ مَا تَنْحِتُونَ | ح |
| قَوْلاً غَيْرَ | أنْ غَضِب | غ |
| إِنَّ ٱللَّهَ لَطِيفٌ خَبِيرٌ | مِّنْ خَيْرٍ | خ |

മേൽ പറഞ്ഞ **إظهار** ഇജ്മാഅ് പ്രകാരം സ്ഥിരപ്പെട്ടതാണ് (ഏഴ് ഖാരിഉകളും അങ്ങനെ മാത്രമേ ഓതിയിട്ടുള്ളൂ) അതിനാൽ അതിന് എതിര് പ്രവർത്തിക്കൽ ഹറാമാണ്.

## *രണ്ട്* 'മണിക്കലോടു കൂടെ ശദ്ദ് കൊടുക്കൽ: الْإدغام بغنة

ن ، و ، م ، ي (نومي) എന്നീ നാല് അക്ഷരങ്ങളിൽ ഏതെങ്കിലും ഒന്നിന് മുമ്പ് രണ്ടു വാക്കിലായി സുകൂനുള്ള നൂനോ തൻവീനോ വന്നാൽ രണ്ടിനെയും غنة സഹിതം (മണിക്കലോടുകൂടെ) ശദ്ദ് കൊടുത്ത് (ദ്വിത്വം കൊടുത്ത്) ഉച്ചരിക്കണം.
ഉദാഹരണം:

| تنوين | نون ساكنة | حروف |
|---|---|---|
| خَيْرًا يَرَهُۥ | أَن يَقُولَ | ي |
| وَلَعَبْدٌ مُّؤْمِنٌ | عَن مَّن | م |
| شَهِيقًا وَهِيَ | مِن وَلِيٍّ | و |
| عَامِلَةٌ نَّاصِبَةٌ | مِّن نِّعْمَةٍ | ن |

മീമിലും നൂനിലും അടിസ്ഥാനപരമായിത്തന്നെ غنة ഉള്ളത് കൊണ്ട് രണ്ടിനുമരികെ غنة പൂർണ്ണമായിരിക്കും. 'യാഉ'നും 'വാവി'നും അരികെ അത്രതന്നെ പൂർണമാവുകയില്ല, മാത്രമല്ല ഗുന്നത്തുള്ളതുകൊണ്ട് നാലിലും ശദ്ദ് അപൂർണ്ണമായിരിക്കും. എന്നാൽ വാവിലും യാഇലും ഉള്ളതിലേറെ ശദ്ദ് മീമിലും നൂനിലും ഉണ്ടായിരിക്കും. ഈ വ്യത്യാസം മനസ്സിലാക്കാൻ വേണ്ടി ശരിയാം വിധം അച്ചടിക്കപ്പെടുന്ന മുസ്ഹഫുകളിൽ و നും ي നും ശദ്ദ് കൊടുക്കാതെയും ن നും م നും ശദ്ദ് കൊടുത്തുമാണ് എഴുതാറുള്ളത്.

മേൽ പറഞ്ഞ നലാക്ഷരത്തിലും إدغام വേണമെന്നത് ഇജ്മാഅ് പ്രകാരം സ്ഥിരപ്പെട്ടതാണ്. മീമിലും നൂനിലും ഗുന്നത്ത് വേണമെന്നതും ഇജ്മാഅ് തന്നെ. അപ്പോൾ ഇതിനെ ഉപേക്ഷിക്കൽ കുററകരമാണ്. എന്നാൽ يس وَٱلْقُرْءَانِ , نٓ وَٱلْقَلَمِ എന്നീ രണ്ട് സ്ഥലങ്ങൾ ആ നിയമത്തിൽ നിന്ന് ഒഴിവാണ്. ഇത് രണ്ടിലും ഗുന്നത്തും ഇദ്ഗാമും ചെയ്യാതെ നൂനിനെ വ്യക്തമാക്കിയാണ് حفص رحمه الله ഓതിയിരിക്കുന്നത്.

എന്നാൽ (نومي) എന്നതിലെ നാല് അക്ഷരങ്ങളിൽ ഏതെങ്കിലുമൊന്നും സുകൂനുള്ള നൂനും ഒരു വാക്കിൽ (മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ ശ്രദ്ധിക്കുമല്ലോ അവയെല്ലാം രണ്ട് പദങ്ങളിലായിരുന്നു) വന്നാൽ വ്യക്തമാക്കൽ നിർബന്ധമാണ്. ഇതും ഇജ്മാഅ് പ്രകാരം സ്ഥിരപ്പെട്ടതുമാണ്.

ഉദാ: قنوان ، بنيان ، صنوان ، دنيا ഇങ്ങിനെ ഖുർആനിൽ നാല് സ്ഥലത്ത് മാത്രമേയുള്ളൂ അവ:

وَمِنَ ٱلنَّخۡلِ مِن طَلۡعِهَا قِنۡوَانٌ دَانِيَةٌ (سورة الأنعام ٩٩)

إِنَّ ٱللَّهَ يُحِبُّ ٱلَّذِينَ يُقَٰتِلُونَ فِي سَبِيلِهِۦ صَفًّا كَأَنَّهُم بُنۡيَٰنٌ مَّرۡصُوصٌ (سورة الصف ٤).

وَفِي ٱلۡأَرۡضِ قِطَعٌ مُّتَجَٰوِرَٰتٌ وَجَنَّٰتٌ مِّنۡ أَعۡنَٰبٍ وَزَرۡعٌ وَنَخِيلٌ صِنۡوَانٌ وَغَيۡرُ صِنۡوَانٍ (سورة الرعد ٤).

أُوْلَٰٓئِكَ ٱلَّذِينَ حَبِطَتۡ أَعۡمَٰلُهُمۡ فِي ٱلدُّنۡيَا وَٱلۡأٓخِرَةِ وَمَا لَهُم مِّن نَّٰصِرِينَ (آل عمران ٢٢)

## *മൂന്ന്: 'മണിക്കാതെ ശദ്ദ് കൊടുക്കുക' إدغام بلا غنة*

**ل ، ر** എന്നീ അക്ഷരങ്ങളുടെ മുമ്പ് സുകൂനുള്ള നൂനോ തൻവീനോ വന്നാൽ غنة കൂടാതെ ഇദ്ഗാം ചെയ്യണം.

ഉദാഹരണം:

| تنوين | نون ساكنة | حروف |
|---|---|---|
| كُلٌّ لَّهُۥ قَٰنِتُونَ | وَلَٰكِن لَّا يَعۡلَمُونَ | ل |
| لَرَءُوفٌ رَّحِيمٌ | مِّن رَّبِّهِمۡ | ر |

ഈ ഇദ്ഗാമും വേണമെന്നത് ഇജ്മാഅ് പ്രകാരം സ്ഥിരപ്പെട്ടതാണ്. പക്ഷെ ഗുന്നത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഗുന്നത്ത് കൂടാതെയുള്ള റിപ്പോർട്ടാണ് പ്രസിദ്ധമായിട്ടുള്ളത്. ഗുന്നത്ത് കൂടാതെയുള്ള ഇദ്ഗാമിൽ, ആദ്യാക്ഷരത്തെ രണ്ടാമത്തേതു പോലെ മാറേറണ്ടതാണ്. ഉദാ: **ولكن لا يعلمون** എന്നതിനെ **ولكلا يعلمون** എന്നായിട്ടാണ് ഓതേണ്ടത്

## *നാല്: "മണിക്കലോടു കൂടെ മീമാക്കി മറിക്കുക"* **الإقلاب**

സുകൂനുള്ള നൂനിനോ തൻവീനിനോ ശേഷം **باء** (ബാഅ്) വന്നാൽ **غنة** –ാടു കൂടി മീമാക്കി മാറേറണ്ടതാണ്. ഇതും ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ടതാണ്.

മുസ്ഹഫുകളിൽ 'ഇഖ്ലാബി'നെ തിരിച്ചറിയാൻ ഇത്തരം സുകൂനുള്ള നൂനിൻെറയും തൻവീനിൻെറയും മുകളിൽ ചെറിയ മീമ് ഈ രൂപത്തിൽ: **(م)** വാല് താഴോട്ടായി കൊടുത്തതായി കാണാം. അതേ സമയം വേറെയൊരു രൂപത്തിലുള്ള **(ه)** വാല് മുമ്പോട്ടായ രീതിയിൽ കൊടുത്തതായും കാണാം അത് വഖ്ഫിനെ സൂചിപ്പിക്കാനുള്ളതാണ്.

ഇഖ്ലാബിൻെറ ഉദാഹരണം:

| تنوين | نون ساكنة | حروف |
|---|---|---|
| إِنَّ ٱللَّهَ عَلِيمُۢ بِذَاتِ ٱلصُّدُورِ<br>وَأَنَّ ٱللَّهَ سَمِيعُۢ بَصِيرٌ | ذَٰلِكَ مِنۡ أَنۢبَآءِ ٱلۡغَيۡبِ نُوحِيهِ إِلَيۡكَۖ<br>فَلَمَّا جَآءَهَا نُودِيَ أَنۢ بُورِكَ | ب |

വഖ്ഫിൻെറ സമയത്ത് മീമ് അടയാളമായി കൊടുത്തതിൻെറ ഒരു ഉദാഹരണം:

إِنَّ ٱللَّهَ فَقِيرٌ وَنَحۡنُ أَغۡنِيَآءُۘ سَنَكۡتُبُ

## *അഞ്ച്: "മണിക്കലോടു കൂടെ അവ്യക്തമാക്കുക"* : إِخفاءِ بِغنة

രാഗത്തോടു കൂടി അവ്യക്തമാക്കുക. മുമ്പ് വിശദീകരിച്ചതിൽ പെടാത്ത ബാക്കിയുള്ള അക്ഷരങ്ങളായ:

**ت ، ث ، ج ، د ، ذ ، ز ، ص ، ض ، ك ، ق ، ف ، س ، ش ، ط ، ظ .**

എന്നീ പതിനഞ്ച് അക്ഷരങ്ങൾക്ക് മുമ്പ് സുകൂനുള്ള നൂനോ തൻവീനോ വന്നാൽ രാഗത്തോടു കൂടി അവരണ്ടിനെയും അവ്യക്തമാക്കേണ്ടതാണ്. ഇതും ഇജ്മാഅ് തന്നെ. ഉദാ:

| തൻവീനിൻെറ ഉദാഹരണം: | സുകൂനായ നൂനും ഇഖ്ഫാഇൻെറ അക്ഷരവും രണ്ട് പദങ്ങളിലായി വന്നതിൻെറ ഉ: | സുകൂനായ നൂനും ഇഖ്ഫാഇൻെറ അക്ഷരവും ഒരേ പദത്തിലായി വന്നതിൻെറ ഉ: | അക്ഷരങ്ങൾ | S. |
|---|---|---|---|---|
| بِرِيحٍ صَرۡصَرٍ | مِّن صِيَامٍ | إِنَّهُۥ كَانَ مَنصُورًا | ص | ١ |
| وَطَعَامًا ذَا غُصَّةٍ | مَّن ذَا ٱلَّذِى | وَلَقَدۡ أَنذَرَهُم | ذ | ٢ |
| مِن نُّطۡفَةٍ ثُمَّ | مِن ثَمَرَةٍ رِّزۡقًا | لُؤۡلُؤًا مَّنثُورًا | ث | ٣ |
| وَلَهُمۡ أَجۡرٌ كَرِيمٌ | أَرَءَيۡتَ إِن كَانَ عَلَى ٱلۡهُدَىٰٓ | إِنَّ لَدَيۡنَآ أَنكَالاً وَجَحِيمًا | ك | ٤ |
| وَلَا يُظۡلَمُونَ شَيۡـًٔا ﴿٦٠﴾ جَنَّٰتِ | أَوَعَجِبۡتُمۡ أَن جَآءَكُمۡ | إِذۡ أَنجَيۡنَٰكُم مِّنۡ ءَالِ فِرۡعَوۡنَ | ج | ٥ |
| وَلَمۡ يَجۡعَلۡنِى جَبَّارًا شَقِيًّا | لِمَن شَآءَ مِنكُمۡ | كِتَٰبًا يَلۡقَىٰهُ مَنشُورًا | ش | ٦ |
| فَإِنَّ ٱللَّهَ كَانَ عَفُوًّا قَدِيرًا | وَنَعۡلَمَ أَن قَدۡ صَدَقۡتَنَا | أَىَّ مُنقَلَبٍ يَنقَلِبُونَ | ق | ٧ |
| إِلَّا قِيلاً سَلَٰمًا سَلَٰمًا | مِن سُلَٰلَةٍ مِّن طِينٍ | وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ | س | ٨ |
| مِن طَلۡعِهَا قِنۡوَانٌ دَانِيَةٌ | وَمَا مِن دَآبَّةٍ فِى ٱلۡأَرۡضِ | وَجَعَلُواْ لِلَّهِ أَندَادًا | د | ٩ |
| فَتَيَمَّمُواْ صَعِيدًا طَيِّبًا | إِنَّا خَلَقۡنَٰهُم مِّن طِينٍ | هَٰذَا يَوۡمُ لَا يَنطِقُونَ | ط | ١٠ |
| وَنَحۡشُرُ ٱلۡمُجۡرِمِينَ يَوۡمَئِذٍ زُرۡقًا | فَإِن زَلَلۡتُم مِّنۢ بَعۡدِ | وَهَٰذَا كِتَٰبٌ أَنزَلۡنَٰهُ مُبَارَكٌ | ز | ١١ |
| تَؤُزُّهُمۡ أَزًّا ﴿٨٣﴾ فَلَا تَعۡجَلۡ | وَإِن فَاتَكُمۡ شَىۡءٌ | إِنَّكُمۡ ظَلَمۡتُمۡ أَنفُسَكُم | ف | ١٢ |
| وَلَأُدۡخِلَنَّهُمۡ جَنَّٰتٍ تَجۡرِى | مِن تَحۡتِهَا ٱلۡأَنۡهَٰرُ | كُنتُمۡ خَيۡرَ أُمَّةٍ | ت | ١٣ |
| وُجُوهٌ يَوۡمَئِذٍ مُّسۡفِرَةٌ ﴿٣٨﴾ ضَاحِكَةٌ | ٱللَّهُ ٱلَّذِى خَلَقَكُم مِّن ضَعۡفٍ | مِّن سِجِّيلٍ مَّنضُودٍ | ض | ١٤ |
| وَنُدۡخِلُهُمۡ ظِلاًّ ظَلِيلاً | قَالَ أَمَّا مَن ظَلَمَ | فَإِذَا هُمۡ قِيَامٌ يَنظُرُونَ | ظ | ١٥ |

## أحكام الميم الساكنة

## സുകൂനുള്ള മീമിൻെറ വിധികൾ

സുകൂനുള്ള മീമിൻെറ നിയമങ്ങൾ മൂന്നാണ് അവ: ഇദ്ഗാം, ഇഖ്ഫാഅ്, ഇസ്ഹാറ് എന്നിവയാണ്. **(إدغام ، إخفاء ، إظهار)**

## ഒന്ന്: إدغام

സുകൂനുള്ള 'മീം' **(م)** മീമോടടുത്ത് വന്നാൽ രാഗത്തോട് **(غنة)** കൂടി ഇദ്ഗാം ചെയ്യണം. ഇത് ഇജ്മാആണ്.

മീം **أصلي** ആയാലും തൻവീനോ നൂനോ പരിവർത്തനം ചെയ്ത് വന്ന മീമായാലും ഇതേ നിയമമാണ്.
ഉദാഹരണം:

| പരിവർത്തനം ചെയ്ത മീം | അസ്ലിയായ മീം | حروف |
|---|---|---|
| مِن مَّآءٍ | مَّا هُم مِّنَ ٱللَّهِ | م |
| وَإِن مِّنكُمْ إِلَّا وَارِدُهَا | أَم مَّنْ أَسَّسَ بُنْيَـٰنَهُۥ | |
| قَرَارٍ مَّكِينٍ | | |

## രണ്ട് إخفاء

സുകൂനുള്ള മീം **باء** (ബാഅ്) നോടടുത്തു വന്നാൽ അതിനെ രാഗത്തോട് കൂടി അവ്യക്തമാക്കണമെന്നാണ് ബലപ്പെട്ട അബിപ്രായം. ഗുന്നത്ത് കൂടാതെ വ്യക്തമാക്കാമെന്നും അഭിപ്രായമുണ്ട്. ഉദാ:

| പരിവർത്തനം ചെയ്ത മീം | അസ്ലിയായ മീം | حروف |
|---|---|---|
| وَٱللَّهُ عَلِيمٌۢ بِمَا يَعْمَلُونَ | مَّا هُم بِهِۦ مِنْ عِلْمٍ | م |
| إِذْ جَعَلَ فِيكُمْ أَنۢبِيَآءَ | فَمَا هُم بِمُعْجِزِينَ | |

തജ്വീദ് നിയമങ്ങൾ പാലിച്ചെഴുതിയ മുസ്ഹഫുകളിൽ തൻവീനുകൾക്കടുത്ത് അവയെ മീമാക്കണമെന്നറിയിക്കാൻ ചെറിയ മീമുകൾ **(م)** കൊടുത്തതായി കാണാം.

# മൂന്ന്: إظهار

ബാഅ്, മീമ് ഒഴിച്ചുള്ള 26 അക്ഷരത്തിനു തൊട്ട്മുമ്പ് സുകൂനുള്ള മീം വന്നാൽ അതിനെ വ്യക്തമാക്കണം. **واو ، فاء** (ഫാഅ്, വാവ്) എന്നീ അക്ഷരങ്ങൾക്കു മുമ്പ് പ്രത്യേകം വ്യക്തമാക്കി ഓതണം. ഇതു മൂന്നും (മീമ്,ഫാഅ്,വാവ്) ഒരേ മഖ്റജി(ചുണ്ടി)ൽ നിന്നുള്ള അക്ഷരമാണെന്നതാണ് കാരണം. അപ്പോൾ പ്രത്യേകം ശ്രദ്ധിച്ചില്ലങ്കിൽ മീം അവ്യക്തമായിപ്പോകും. പക്ഷെ വ്യക്തമാക്കാൻ വേണ്ടി മുറിക്കാൻ പാടില്ല.

ഉദാഹരണം:

| | | | |
|---|---|---|---|
| إِنَّ هَـٰذَا مَا كُنتُم بِهِۦ تَمۡتَرُونَ | ت | تَحۡسَبُهُ ٱلظَّمۡـَٔانُ مَآءً | ء |
| كَأَنَّهُمۡ جَرَادٌ مُّنتَشِرٌ | ج | عِبَادٌ أَمۡثَالُكُمۡۖ | ث |
| وَفِي ٱلۡعَذَابِ هُمۡ خَـٰلِدُونَ | خ | يَمۡحَقُ ٱللَّهُ ٱلرِّبَوٰاْ وَيُرۡبِي ٱلصَّدَقَـٰتِۗ | ح |
| وَضَاقَ بِهِمۡ ذَرۡعًا | ذ | هُمۡ دَرَجَـٰتٌ عِندَ ٱللَّهِۗ | د |
| أَزۡوَٰجًا مِّنۡهُمۡ زَهۡرَةَ ٱلۡحَيَوٰةِ ٱلدُّنۡيَا | ز | أَمۡرًا مِّنۡ عِندِنَآۚ إِنَّا كُنَّا مُرۡسِلِينَ | ر |
| مِن نُّطۡفَةٍ أَمۡشَاجٍ | ش | فَسُبۡحَـٰنَ ٱللَّهِ حِينَ تُمۡسُونَ | س |
| وَٱمۡضُوا حَيۡثُ تُؤۡمَرُونَ | ض | سَوَآءٌ عَلَيۡنَآ أَجَزِعۡنَآ أَمۡ صَبَرۡنَا | ص |
| وَذَٰلِكُمۡ ظَنُّكُمُ ٱلَّذِي ظَنَنتُم | ظ | وَأَمۡطَرۡنَا عَلَيۡهِم مَّطَرًاۖ | ط |
| لَهُمۡ غُرَفٌ مِّن فَوۡقِهَا | غ | وَسُقُوا مَآءً حَمِيمًا فَقَطَّعَ أَمۡعَآءَهُمۡ | ع |
| وَظَنَّ أَهۡلُهَآ أَنَّهُمۡ قَـٰدِرُونَ عَلَيۡهَآ | ق | أُوْلَـٰٓئِكَ أَصۡحَـٰبُ ٱلۡجَنَّةِۖ هُمۡ فِيهَا خَـٰلِدُونَ | ف |
| وَلَهُمۡ أَعۡمَـٰلٌ مِّن دُونِ ذَٰلِكَ هُمۡ لَهَا عَـٰمِلُونَ | ل | وَظَهَرَ أَمۡرُ ٱللَّهِ وَهُمۡ كَـٰرِهُونَ | ك |
| غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ | و | وَيَمۡنَعُونَ ٱلۡمَاعُونَ | ن |
| أَلَمۡ يَجِدۡكَ يَتِيمًا فَـَٔاوَىٰ | ي | فَمَهِّلِ ٱلۡكَـٰفِرِينَ أَمۡهِلۡهُمۡ رُوَيۡدًۢا | هـ |

ശദ്ദുള്ള എല്ലാ മീമിനെയും നൂനിനെയും മണിക്കേണ്ടതാണ്. ഉദാ:

وَأَنَّهُۥ لَمَّا قَامَ عَبۡدُ ٱللَّهِ

ثُمَّ إِنَّ عَلَيۡنَا حِسَابَهُم

# ഘനിപ്പിക്കലും, നേർപ്പിക്കലും

## التفخيم والترقيق

ഘനിപ്പിക്കുക, നേർപ്പിക്കുക ഇങ്ങനെ അക്ഷരങ്ങൾക്ക് രണ്ടവസ്ഥകളുണ്ട്. നാവ് മേലണ്ണാക്കിലേക്ക് ഉയരുന്നത് കൊണ്ട് "തഫ്ഖീമും" ഉയരാതിരുന്നാൽ "തർഖീഖും" ഉണ്ടായിത്തീരുന്നു.

**استعلاء** ൻെറ അക്ഷരങ്ങളായ **خ ص ض غ ط ظ ق** എന്നിവയെ ഘനിപ്പിക്കേണ്ടതും **استفال** ൻെറ അക്ഷരങ്ങളായ:

**(ء ب ت ث ج ح د ذ ر ز س ش ف ع ك ل م ن و هـ ي ا)**

എന്നിവയെ നേർപ്പിക്കേണ്ടതുമാണ്.

എന്നാൽ **راء ، لام** എന്നിവ ചിലപ്പോൾ തഫ്ഖീമും ചിലപ്പോൾ തർഖീഖും ചെയ്യേണ്ടതാണ്. ഇവയെ സംബന്ധിച്ച് പിന്നീട് വിവിരക്കുന്നതാണ്. إن شاء الله

**استعلاء** ൻെറ അക്ഷരങ്ങളിൽ നിന്ന് **إطباق** ൻെറ അക്ഷരങ്ങളായ **ط ص ض ظ** എന്നിവയിൽ നാവ് കൂടുതൽ ഉയരുന്നത്കൊണ്ട് അവയ്ക്ക് കൂടുതൽ തഫ്ഖീം ഉണ്ടായരിക്കുന്നതാണ്. ഇത്വ്ബാഖിൻെറ അക്ഷരങ്ങൾ കഴിച്ചാൽ **لام الجلالة** (അല്ലാഹു എന്നതിലുള്ള ലാമി) ന്നാണ് കൂടുതൽ തഫ്ഖീമുള്ളത്. മററുള്ളവ അതിൽ താഴെയാണ്.

മറെറാരു വീക്ഷണത്തിൽ തഫ്ഖീമിനെ അഞ്ചായി ഭാഗിക്കാം. ദീർഘത്തോട് കൂടി അകാരമുള്ളത് ഏററവും കൂടുതൽ തഫ്ഖീമുള്ളതാണ്. ദീർഘമില്ലാത്ത അകാരമുള്ളത് അതിൽ താഴെയും. ഉകാരമുള്ളത് അതിലും താഴെ. സുകൂനുള്ളത് അതിലും താഴെ, ഇകാരമുള്ളത് അതിലും താഴെ.

ഉദാ:

**طَالَ ، طَلَعَ ، طُلُوع ، يطْلُع ، قُطِع ، الله ، اللّهم**

തജ്‌വീദിൽ പാണ്ഡിത്യമുള്ളവരുടെ ഉച്ചാരണത്തിൽ നിന്ന് തഫ്ഖീമിൻെറ വ്യത്യാസം ഗ്രഹിക്കാൻ സാധിക്കും.

തഫ്ഖീമും തർഖീഖും ഖുർറാഇൽ നിന്നും ഏകകണ്ഠമായി ലഭിച്ചതായിരിക്കയാൽ നിർബന്ധകാര്യത്തിൽ പെട്ടതാണ്.

# റാഉനെ തഫ്ഖീമ് ആക്കേണ്ടുന്ന ഘട്ടങ്ങൾ

അക്ഷരങ്ങൾക്ക് ഘനിപ്പിക്കുക, നേർപ്പിക്കുക എന്നിങ്ങനെ രണ്ടവസ്ഥതകളുണ്ടന്ന് പറഞ്ഞല്ലൊ. എന്നാൽ ഇസ്തിഫാലിൻെറ അക്ഷരങ്ങളിൽ നിന്ന് ل ، ر എന്നിവ ചിലപ്പോൾ തഫ്ഖീമും ചിലപ്പോൾ തർഖീഖും ചെയ്യേണ്ടതാണ്. രണ്ട് ഘട്ടങ്ങളിലും മഖ്റജ് ഒന്ന് തന്നെയാണ്. വ്യത്യാസം തഫ്ഖീമിൽ നാവ് മേൽപ്പോട്ടുയരുകയും തർഖീഖിൽ താഴുകയും ചെയ്യുമെന്നതാണ്.

## *അഞ്ച് സ്ഥലങ്ങളിലാണ് റാഉനെ തഫ്ഖീമ് ചെയ്യേണ്ടത്:*

### *ഒന്ന്: ر -ാഉൻെറ ഹർക്കത്ത് ഫത്ഹോ ള്വാമ്മോ ആയി വരുമ്പോൾ.*

റാക്ക് ഫത്ഹ് വന്നതിൻെറ ഉദാഹരണം:

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ * ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ

റാക്ക് ദ്വമ്മ് വന്നതിൻെറ ഉദാഹരണം:

إِنَّ ٱللَّهَ يَأْمُرُ بِٱلْعَدْلِ وَٱلْإِحْسَٰنِ * قَالُواْ هَٰذَا ٱلَّذِى رُزِقْنَا مِن قَبْلُ ۖ

ഈ തഫ്ഖീമ് ഖുറ്റാഉൻെറ ഇജ്മാഉള്ളതും ശറഇയ്യായ വാജിബുമാണ്.

## *രണ്ട്:*

### *ഫത്ഹിന്നോ ള്വമ്മിന്നോ ശേഷം 'റാഅ്' സുകൂനുള്ളതായി വരിക.*

ഈ സുകൂൻ അസ്ലിയോ, വഖ്ഫിനാൽ പുതുതായുണ്ടായതോ ആയാലും ശരി.

റാഉന് അസ്ലിയായ സുകൂനും മുമ്പുള്ളതിന് ഫത്ഹുമായതിൻെറ ഉദാ:

فَهَلْ نَجْعَلُ لَكَ خَرْجًا * وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ

റാഉന് അസ്ലിയായ സുകൂനും മുമ്പുള്ളതിന് ള്വമ്മുമായതിൻെറ ഉദാ:

حَتَّىٰ عَادَ كَٱلْعُرْجُونِ ٱلْقَدِيمِ * وَٱنظُرْ إِلَى ٱلْعِظَامِ كَيْفَ نُنشِزُهَا

റാഉന് വഖ്ഫ് കാരണത്താൽ സുകൂനും മുമ്പുള്ളതിന് ഫത്ഹുമായതിൻെറ ഉദാ:

فَإِذَا بَرِقَ ٱلْبَصَرُ ۝٧ وَخَسَفَ ٱلْقَمَرُ ۝٨ وَجُمِعَ ٱلشَّمْسُ وَٱلْقَمَرُ ۝٩

റാഉന് വഖ്ഫ് കാരണത്താൽ സുകൂൻ വരികയും മുമ്പുള്ളതിന് ള്വമ്മുമായതിൻെറ ഉദാ:

وَكُلُّ شَىْءٍ فَعَلُوهُ فِى ٱلزُّبُرِ ۝٥٢ * فَكَيْفَ كَانَ عَذَابِى وَنُذُرِ ۝٣٠

ഈ തഫ്ഖീമും ഇജ്മാഉള്ളതാണ്.

## ***മൂന്ന്:***

***ഒരേ പദത്തിൽ റാഉന് സുകൂനും മുമ്പുള്ള അക്ഷരത്തിന് കസ്റും ശേഷമുള്ള അക്ഷരം കസ്റുള്ളതല്ലാത്ത 'ഇസ്തിഅ്ലാ' ഇൻെറ അക്ഷരവുമാ യിരിക്കുക.***

ഉദാ:

وَلَوۡ نَزَّلۡنَا عَلَيۡكَ كِتَٰبٗا فِي قِرۡطَاسٖ فَلَمَسُوهُ بِأَيۡدِيهِمۡ (سورة الأنعام رقم الآية ٧)

وَإِرۡصَادٗا لِّمَنۡ حَارَبَ ٱللَّهَ وَرَسُولَهُۥ مِن قَبۡلُۚ (سورة التوبة ١٠٧)

فَلَوۡلَا نَفَرَ مِن كُلِّ فِرۡقَةٖ مِّنۡهُمۡ طَآئِفَةٞ لِّيَتَفَقَّهُواْ فِي ٱلدِّينِ (التوبة ١٢٢)

إِنَّ جَهَنَّمَ كَانَتۡ مِرۡصَادٗا (سورة النبأ ٢١)

إِنَّ رَبَّكَ لَبِٱلۡمِرۡصَادِ (سورة الفجر ١٤)

ഇങ്ങനെ ഈ **كلمة** കൾ മാത്രമാണുളത്. ഈ തഫ്ഖീമും ഇജ്മാഅ് തന്നെയാണ്.

എന്നാൽ റാഉന് ശേഷമുള്ള **استعلاء** ൻെറ അക്ഷരം കസ്റുള്ളതായാൽ തഫ്ഖീമും തർഖീഖും ആക്കാവുന്നതാണ്. ഏററവും നല്ലത് തർഖീഖാണ്. ഉദാ:

فَكَانَ كُلُّ فِرۡقٖ كَٱلطَّوۡدِ ٱلۡعَظِيمِ (سورة الشعراء ٦٣)

അതെസമയം റാഉന് ശേഷമുള്ള **استعلاء** ൻെറ അക്ഷരം മറെറാരു **كلمة** ൽ ആണെങ്കിൽ റാഉനെ തർഖീഖാക്കുക തന്നെ വേണം ഉദാ:

وَلَا تُصَعِّرۡ خَدَّكَ لِلنَّاسِ (لقمان ١٨) إِنَّآ أَرۡسَلۡنَا نُوحًا إِلَىٰ قَوۡمِهِۦٓ أَنۡ أَنذِرۡ قَوۡمَكَ (سورة نوح ١) فَٱصۡبِرۡ صَبۡرٗا جَمِيلاً (معارج ٥)

## *നാല്:*

***സുകൂനായ റാഇന് മുമ്പുള്ള കസ്റ് അടിസ്ഥാനപരമല്ലാത്തതോ, റാഅ് മറെറാരു പദത്തിലുള്ളതോ ആയിരുന്നാൽ റാഇനെ തഫ്ഖീം ചെയ്യണം.***

**ഉദാഹരണം:**

بَلۡ أَنتُم بِهَدِيَّتِكُمۡ تَفۡرَحُونَ ﴿٣٦﴾ ٱرۡجِعۡ إِلَيۡهِمۡ فَلَنَأۡتِيَنَّهُم بِجُنُودٖ لَّا قِبَلَ لَهُم بِهَا (النمل ٣٧)

حَتَّىٰٓ إِذَا جَآءَ أَحَدَهُمُ ٱلۡمَوۡتُ قَالَ رَبِّ ٱرۡجِعُونِ (سورة المؤمنون ٩٩)

إِنِ ٱرۡتَبۡتُمۡ فَعِدَّتُهُنَّ ثَلَٰثَةُ أَشۡهُرٖ (الطلاق ٤) أَفِي قُلُوبِهِم مَّرَضٌ أَمِ ٱرۡتَابُوٓاْ (النور ٥٠)

ٱرۡجِعِيٓ إِلَىٰ رَبِّكِ رَاضِيَةٗ مَّرۡضِيَّةٗ (فجر ٢٨)

**ഈ തഫ്ഖീമും ഇജ്മാഉള്ളതാണ്.**

## *അഞ്ച്:*

***വഖ്ഫ് കൊണ്ട് സുകൂൻ സിദ്ധിക്കുന്ന റാഇന് മുമ്പുള്ളത് സുകൂനുള്ള "യാ" അല്ലാത്ത അക്ഷരമാവുകയും അതിനു മുമ്പുള്ളത് ഫത്ഹോ ദമ്മോ ആയിരിക്കുകയും ചെയ്താൽ റാഇനെ തഫ്ഖീമാക്കേണ്ടതാണ്.***

فَإِذَا نُقِرَ فِي ٱلنَّاقُورِ (مدثر ٨)

إِنَّآ أَنزَلۡنَٰهُ فِي لَيۡلَةِ ٱلۡقَدۡرِ ﴿١﴾ وَمَآ أَدۡرَىٰكَ مَا لَيۡلَةُ ٱلۡقَدۡرِ ﴿٢﴾ (القدر)

وَٱلۡعَصۡرِ ﴿١﴾ إِنَّ ٱلۡإِنسَٰنَ لَفِي خُسۡرٍ (العصر)

وَٱلۡفَجۡرِ ﴿١﴾ وَلَيَالٍ عَشۡرٖ ﴿٢﴾ وَٱلشَّفۡعِ وَٱلۡوَتۡرِ ﴿٣﴾ وَٱلَّيۡلِ إِذَا يَسۡرِ ﴿٤﴾ (سورة الفجر)

## *ഘനിപ്പിക്കലും, നേർപ്പിക്കലും*

## ترقيق الراء

റാഇനെ തർഖീഖ് ആക്കേണ്ടുന്ന "നേർപ്പിക്കേണ്ടുന്ന" ഘട്ടങ്ങൾ:

**മേൽ പറഞ്ഞതല്ലാത്ത എല്ലാ റാഇനെയും തർഖീഖ് ആക്കേണ്ടതാണ്. അങ്ങനെ നാല് സ്ഥലങ്ങൾ ഉണ്ട്:**

***ഒന്ന്:***

***റാഅ്' കസ്റാക്കപ്പെട്ടതോ ഇമാലത്ത് ചെയ്യപ്പെട്ടതോ ആയിരിക്കുക:***

ഉദാ:

إِنِّى لَأَجِدُ رِيحَ يُوسُفَ (يوسف ٩٤) فَرِحَ ٱلْمُخَلَّفُونَ بِمَقْعَدِهِمْ (التوبة ٨١)

وَعَلَى ٱلْأَعْرَافِ رِجَالٌ يَعْرِفُونَ كُلًّا بِسِيمَىٰهُمْ (الأعراف ٤٤) مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ

غَيْرِ ٱلْمَغْضُوبِ عَلَيْهِمْ وَلَا ٱلضَّآلِّينَ (فاتحة) وَقَالَ ٱرْكَبُواْ فِيهَا بِسْمِ ٱللَّهِ مَجْرٜىٰهَا وَمُرْسَىٰهَآ (هود ٤١)

**بسم الله مجريها എന്നതിൽ മാത്രമേ حفص رحمه الله ഇമാലത്ത് ചെയ്തിട്ടുള്ളൂ.**

***രണ്ട്:***

***അസ്ലിയായ കസ്റിനു ശേഷം അതേ വാക്കിൽ സുകൂനായ 'റാ' വരികയും അതിന് ശേഷം അതേ കലിമത്തിൽ استعلاء ൻെറ അക്ഷരം ഇല്ലാതിരിക്കയും ചെയ്താൽ:***

ഉദാ:

أَبْصِرْ بِهِۦ وَأَسْمِعْ (الكهف ٢٦)

وَإِذْ نَجَّيْنَٰكُم مِّنْ ءَالِ فِرْعَوْنَ (البقرة ٤٩)

وَأْمُرْ أَهْلَكَ بِٱلصَّلَوٰةِ وَٱصْطَبِرْ عَلَيْهَا (طه ١٣٢)

أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦٓ أَنْ أَنذِرْ قَوْمَكَ مِن (سورة نوح (١)

فَٱصْبِرْ صَبْرًا جَمِيلًا (معارج ٥)

***മൂന്ന്:***

***സുകൂനുള്ള യാഇന് ശേഷം റാഅ് സുക്കൂനുള്ളതായി വരിക (വഖ്ഫ് മുഖേന):***

ഉദാ:

قَالَ أَتَسْتَبْدِلُونَ ٱلَّذِى هُوَ أَدْنَىٰ بِٱلَّذِى هُوَ خَيْرٌ ۚ (البقرة ٦١)

إِنَّ رَبَّهُم بِهِمْ يَوْمَئِذٍ لَّخَبِيرٌۢ ﴿١١﴾ (سورة العاديات)

إِنَّ ٱللَّهَ بِمَا تَعْمَلُونَ بَصِيرٌ ﴿١١٠﴾ (البقرة ١١٠)

***നാല്:***

***സുകൂനുള്ള 'റാ' ഇന്ന് മുമ്പ് യാഅല്ലാത്ത സുകൂനുള്ള അക്ഷരം വരുന്ന പക്ഷം അതിന്ന് മുമ്പുള്ളത് കസ്റായിരിക്കും:***

ഉദാ:

هَلْ فِى ذَٰلِكَ قَسَمٌ لِّذِى حِجْرٍ ﴿٥﴾ (سورة الفجر ٦)

صٓ ۚ وَٱلْقُرْءَانِ ذِى ٱلذِّكْرِ ﴿١﴾

എന്നാൽ റാഇൻെറയും കസ്റിൻെറയും ഇടയിലുള്ള സുകൂനായ അക്ഷരം 'ഇസ്തിഅ്ലാഇ'ൻെറ അക്ഷരമായിരുന്നാൽ റാഇനെ തഫ്ഖീമും തർഖീഖും ആക്കാം.

ഉദാ:

وَأَسَلْنَا لَهُۥ عَيْنَ ٱلْقِطْرِ ۖ (سورة سبأ ١٢)

وَقَالَ ٱدْخُلُوا۟ مِصْرَ إِن شَآءَ ٱللَّهُ ءَامِنِينَ ﴿٩٩﴾

വഖ്ഫ് ചെയ്യാതിരിക്കുമ്പോൾ **مصر** എന്നതിൽ റാഇന്ന് ഫത്ഹും قطر എന്നതിൽ കസ്റു ആയിരിക്കയാൽ اصل നെ പരിഗണിച്ചുകൊണ്ട് **مصر** എന്നതിൽ തഫ്ഖീമും **قطر** എന്നതിൽ തർഖീഖുമാണ് ഉത്തമം. ഈ രണ്ടു പദങ്ങൾ മാത്രമേ ഈ വിധത്തിൽ ഖുർആനിൽ വന്നിട്ടുള്ളൂ.

കസ്റുള്ള 'റാ' പദത്തിൻെറ ആദ്യത്തിലായാലും നടുവിലായാലും, ഒടുവിലായാലും തർഖീഖ് ചെയ്യണമെന്നത് **إجماع** ഉള്ളതാണ്. കസ്റിന് ശേഷം സുകൂനായി വരുന്ന റാഇനെയും തർഖീഖ് ചെയ്യണമെന്നത് ഇജ്മാഅ് തന്നെയാണ്.

# تفخيم اللام
# ലാമിന് തഫ്ഖീമ്

ലാമിന്ന് തഫ്ഖീമ്, തർഖീഖ്, എന്നീ രണ്ട് വിധികളുണ്ട്:

**اسم الجلالة** (الله) എന്ന വാക്ക് ഫത്ഹിനോ ള്ളമ്മിനോ ശേഷം വന്നാൽ അതിലെ ലാമിനെ **تفخيم** ചേയ്യേണ്ടതാണ്, ഇതല്ലാത്ത എല്ലാ ലാമിനെയും തർഖീഖ് ചെയ്യണം. ഇത് ഖുർറാഇൻെറ ഇജ്മാഅ് ആയിരിക്കയാൽ ശറഇയ്യായ വുജൂബാണ്. ജലാലത്തിൻെറ ലാം കസ്റിന്ന് ശേഷം വന്നാൽ **ترقيق** ചെയ്യണമെന്നതും ഇജ്മാഅ് തന്നെ.
ഉദാ:

**قَالَ الله ، رسلُ الله ، اللهُ أكبر ، اَللهم ، قَالُوا اللهم ،بِسمِ الله ، قُل اللهم**

തഫ്ഖീം ചെയ്യപ്പെടുന്ന ലാമുൽ ജലാലത്ത് അറബി ഭാഷയുടെ അടിസ്ഥാന അക്ഷരങ്ങളായ 29 അക്ഷരങ്ങളിൽപ്പെട്ടതല്ല. ബഹുമാന സൂചകമായ ഉച്ചാരണത്തിനു വേണ്ടി പ്രത്യേകമായി പിരിഞ്ഞുണ്ടായ 30-ാമത്തെ അക്ഷരമാണ്.

ഏകദേശം **ضاد** ൻെറ ശബ്ദത്തിലാണ് അറബികൾ അതിനെ ഉച്ചരിക്കുന്നത്. അവരുടെ ഉച്ചാരണം പിൻപററാൻ നബി **صلى الله عليه وسلم** കൽപിച്ചിട്ടുണ്ട് **اقرؤا القرآن بلحون العرب وأصواتها** 'അറബി അക്ഷരത്തിൻെറ ഉച്ചാരണം അറബികളിൽ നിന്ന് സ്വീകരിക്കേണ്ടതാണ്'. മററു ഭാഷക്കാരെ ഇതിന് മാതൃകയാക്കിക്കൂടാ.

# ഖുർറാഉൻെറ ഇജ്മാഅ് എന്നാൽ:

ഖുർആൻ വചനങ്ങൾ **إجماع** ഉള്ളത്, **اختلاف** ഉള്ളത് എന്നിങ്ങനെ രണ്ട് വിധമുണ്ട്.

പത്ത് ഖാരിഉകളും ഒരു രൂപത്തിൽ മാത്രം ഓതിയതിന് **إجماع** എന്ന് പറയുന്നു. മുസ്ഹഫിനോടും വ്യാകരണത്തോടും യോജിച്ചുകൊണ്ട് അപ്രകാരം മാത്രമേ നബി **صلى الله عليه وسلم** യിൽ നിന്ന് സ്വഹീഹായി ലഭിച്ചിട്ടുള്ളൂ. അതുകൊണ്ടാണ് ഖുർറാഉൻെറ യോജിപ്പുണ്ടാകുന്നത്.

ഉദാഹരണം: **الرحمٰن الرحِيم** ഇത് എല്ലാ ഖാരിഉകുളും ഇപ്രകാരം മാത്രമേ ഓതിയിട്ടുള്ളൂ. അതുപോലെ **الْحمدُ لِلهِ ربِّ العالمين** എന്നത് പത്ത് ഖാരിഉകളും ഇപ്രകാരമാണ് ഓതിയത്. എന്നാൽ **الْحمدِ لِلهِ** എന്ന് 'ദാലിന്' കസ്റുകൊണ്ട് ഇവിടെ ഖിറാഅത്തുണ്ട്. പക്ഷെ ഇത് പത്ത് ഖുർറാഉകൾക്കും എതിരായിരിക്കയാൽ **شاذ** ആയി തള്ളപ്പെടുന്നു.

# ഖുർറാഉൻെറ اختلاف എന്നാൽ:

**ملك يوم الدين** എന്നതിൽ പത്ത് ഖാരിഉകളിൽ പെട്ട

**عاصم ، كسائي ، يعقوب ، خلف** "رحمهم الله"

എന്നിവർ മീമിന്ന് ശേഷം **ألف** ചേർത്ത് **مالك** എന്നാണ് ഓതിയത്. അതെ സമയം പത്ത് ഖാരിഉകളിൽ പെട്ട

**نافع ، ابن كثير ، أبو عمرو ، ابن عامر ، حمزة ، أبو جعفر** "رحمهم الله"

എന്നിവർ ഈ അലിഫില്ലാതെ **مِلك** എന്നുമാണ് ഓതിയത്. ഇതിന് **اختلاف** എന്നു പറയുന്നു. ഈ രണ്ട് രൂപവും നബി **صلى الله عليه وسلم** ഓതിക്കേൾപ്പിച്ചതും മുതവാതിറുമാണ്. ഒന്നിന് മറേറതിനേക്കാൾ പ്രധാന്യമില്ല.

എന്നാൽ മൂന്നക്ഷരത്തിനും ഫത്ഹായിട്ട് **مَلَكَ** എന്നും കാഫിന് തൻവിനായി **مالكًا** എന്നും ഇവിടെ ഖിറാഅത്തുണ്ട്. അതിൻെറ സനദ് മുതവാത്തിറല്ലാത്തത് കൊണ്ടും മററു പത്തു ഖാരിഉകളിൽ ആരും ഇപ്രകാരം ഓതിയിട്ടില്ലന്നതു കൊണ്ടും അത് **شاذ** ഉം (ബഹു ഭൂരപക്ഷത്തിൽ നിന്നും ഒററപ്പെട്ട് പുറം തള്ളപ്പെട്ടതാണ് ശാദ്ദ്) അങ്ങിനെ ഓതൽ ഹറാമുമാണ്. അപ്പോൾ ഖിറാഅത്തിൻെറ വിഷയത്തിൽ പറയുന്ന **اختلاف** എന്നാൽ അഭിപ്രായ വ്യത്യാസമല്ല. ഓരോരുത്തർക്കും ഇഷ്ടമുള്ളത് പതിവാക്കി എന്ന് മാത്രം.

കർമ്മശാസ്ത്ര പണ്ഡിതരുടെ **اختلاف** ഉം ഖുർറാഉൻെറ **اختلاف** ഉം വ്യത്യസ്തമാണ്.

കർമ്മശാസ്ത്ര പണ്ഡിതരുടെ **اخــــتلاف** ഗവേഷണ നിഗമനങ്ങളുടെ അടിസ്ഥാനത്തിലുളളതാണ്. ഇതിൽ ഒന്നുമാത്രമാണ് യാഥാർത്ഥ്യം (ഭാര്യയെ തൊട്ടാൽ **وضـوء** മുറിയും , മുറിയുകയില്ല. എന്നിങ്ങനെ രണ്ടഭിപ്രായമുളളതിൽ ഒന്ന് മാത്രമാണ് യാഥാർത്ഥ്യം.) എന്നാൽ ഖിറാഅത്തിലെ **اختلاف** അപ്രകാരമല്ല. എല്ലാം നബി **صلى الله عليه وسلم** യിൽ നിന്ന് **متـواتر** ആയി ലഭിച്ചതാണ്. എല്ലാം സത്യവും യാഥാർത്ഥ്യവുമാണ്. ഇവയിൽ ഒരോ രൂപം ഓരോ ഇമാമീങ്ങൾ പതിവാക്കി, അതുകൊണ്ട് ആ രൂപത്തിലുളള ഖിറാഅത്തിൽ ആ ഇമാം പ്രസിദ്ധമായി. ഈ രൂപം അവർ അഭിപ്രായപ്പെട്ടതോ, സ്വയം നിർമ്മിച്ചതോ, ഗവേഷണം നടത്തിയതോ അല്ല. നബി **صلى الله عليه وسلم** യിൽ നിന്ന് ലഭിച്ചത് മാത്രമാണ്.

മേൽ പ്രസ്താവിച്ച പ്രകാരം പത്ത് അല്ലങ്കിൽ ഏഴ് ഖാരിഉകളുടെ ഇജ്മാഉളളത് അംഗീകരിക്കൽ ശറഇൽ വുജൂബാണ്. അതിന്നെതിരായി ഖിറാഅത്ത് ശാദ്ദും ഹറാമുമാണ്. മഹാനായ ഇമാം ഇബ്നു ഹജറുൽ ഹൈതമി **رحـمة الله عليـه** യുടെ ഫത്വ കാണുക:

**قال الفقيه ابن حجر الهيتمي رحمه الله: إن ما وقع الاتفاق عليه يعلم منه أنه صلى الله عليه وسلم لم يقـرأ بغـيره ، ومدار القراءة إنما هو على الاتباع ، فمن قرأ بخلاف ما وقع الاجماع عليه يكون مبتدعا شيئا في كتاب الله تعـالى ، وابتداع ما لم يرد في القرآن محرم شديد التحريم.**

“ഖുർറാഅ് മുഴുവൻ പേരും ഒരു വചനം ഒരേ സ്വരത്തിൽ മാത്രം ഓതി എന്നതിൽ നിന്ന് അറിയപ്പെടുന്നത് നബി **صلى الله عليه وسلم** അപ്രകാരമേ ഓതിയിട്ടുളളൂ എന്നാണ്.

പൂർവികൻമാരെ പിൻപററിക്കൊണ്ട് അവർ ഓതിയ പ്രകാരം മാത്രം ഓതുകയെന്നതാണ് ഖുർആൻ പാരായണത്തിൻെറ മാനദണ്ഡം. അപ്പോൾ ഇജ്മാഇന്നെതിരായി ഓതുന്നവൻ ഖുർആനിൽ പുതുതായി നിർമ്മാണം നടത്തിയ **مبتدع** ആയിത്തീരുന്നതാണ്. പുതിയ രൂപം ഖുർആനിൽ കെട്ടിച്ചമയ്ക്കുന്നത് കടുത്ത നിഷിദ്ധകാര്യമാണ്”.

ഒരു വചനം ഖുർആനായി അംഗീകരിക്കാൻ മൂന്ന് നിബന്ധനകളുണ്ട്: ഒന്ന്: വിശ്വാസയോഗ്യമായ ബഹുമുഖ പരമ്പര (**متـواتر**). രണ്ട്: ഉസ്മാനി മുസ്ഹഫിൻെറ എഴുത്തിന് യോജിച്ചിരിക്കുക. മൂന്ന്: അറബി വ്യാകരണത്തോട് യോജിക്കുക. എന്നിവയാണവ.

**متواتر** അതവാ ബഹുമുഖ പരമ്പരയെന്നാൽ: നബി **صلى الله عليه وسلم** മുതൽ താഴെ അററം വരെയുളള റിപ്പോർട്ടർമാരിൽ ഒരോ കണ്ണിയിലും കുറെ ആളുകൾ ഉണ്ടായിരിക്കുക എന്നതാണ്.

# المـــد (മദ്ദ്)

ഫത്ഹിനു ശേഷം 'അലിഫും' ദ്വമ്മിനു ശേഷം സുകൂനായ 'വാവും' കസ്റിനു ശേഷം സുകൂനായ 'യാഉം' വരുമ്പോൾ ഈ അക്ഷരങ്ങൾ കൊണ്ട് ആ ഹർക്കത്തുകളുടെ ശബ്ദത്തെ ദീർഘിപ്പിക്കുന്നതിനാണ് "മദ്ദ്" എന്നു പയുന്നത്.

ഇത് "അസ്ലിയ്യ്" (أصــلِيْ) "ഫർഇയ്യ്" (فَرعِــيْ) ഇങ്ങനെ രണ്ട് വിധമുണ്ട്. മദ്ദുള്ള അക്ഷരത്തെ ഉച്ചാരണത്തിൽ കൊണ്ട്വരാൻ ആവശ്യമായ ദീർഘത്തിനാണ് 'അസ്ലിയ്യ്' എന്ന് പറയുക. ഒരു അലിഫിൻെറ ഖദ്റാണ് ഇതിൻെറ ദീർഘം. (രണ്ട് ഹർക്കത്തിൻെറ ഖദ്ർ) ഉദാ: ب എന്നതിന് അസ്ലിയായ മദ്ദ് കൊടുത്താൽ بَا എന്നായി അപ്പോൾ بِــب എന്നുച്ചരിക്കുന്ന സമയം തന്നെയാണ് بَا എന്നുച്ചരിക്കാനും എടുക്കേണ്ടത്.

"തർതീല്" ترتيــل (സമാധാനം). "തദ്വീർ" تــدوير (മിതം) "ഹദർ" حــدر (വേഗത) ഈ മൂന്ന് വിധത്തിലും ഖുർആൻ പാരായണം ചെയ്യാം. പക്ഷെ നിയമം മറികടക്കരുത്. അപ്പോൾ തർതീലായി ഓതുമ്പോൾ എല്ലാ അക്ഷരവും സമാധാനത്തിൽ ഉച്ചരിക്കപ്പെടുന്നതിനാൽ മദ്ദും അതനുരിച്ച് കൂടുന്നതും തദ്വീർ, ഹദർ എന്നിവയിൽ അതനുസരിച്ച് കുറയുന്നതുമാണ്.

അസ്ലിയായ 'മദ്ദ്' പദത്തിൻെറ നടുവിലായാലും ഒടുവിലായാലും വഖ്ഫിലായാലും ചേർത്തോതുമ്പോഴായാലും മേൽ പറഞ്ഞ ഖദ്റിനേക്കാൾ ഏററലും ചുരുക്കലും ഹറാമാണ്. മലയാള ഭാഷയിൽ താടി, മൂക്ക്, ദീനം തുടങ്ങിയ പദങ്ങൾ എടുത്തു നോക്കുക. കൂടുതൽ നീട്ടുന്നത് വളരെ അഭംഗിയായിരിക്കില്ലേ? നീട്ടാതിരിക്കുകയാണെങ്കിൽ താടി എന്നത് 'തടി' എന്നും മൂക്ക് എന്നത് 'മുക്ക്' എന്നും ദീനം എന്നത് 'ദിനം' എന്നുമായി! അർഥവും മാറി!.
ഉദാ:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا ﴿٥٦﴾

എന്നതിലെ وســلموا تــسليما എന്ന പദം നോക്കുക ഇതിൽ 'സല്ലിമൂ' എന്നതിലെ മീമിനും 'തസ്ലീമാ' എന്നതിലെ ലാമിനും അതിലെത്തന്നെ അവസാനത്തെ 'മീമിനും' ഒരേ ദൈർഘ്യം മാത്രമേ പാടുള്ളൂ. അതുപോലെ:

وَكَانَ ٱللَّهُ غَفُورٗا رَّحِيمٗا ﴿٥٩﴾

وَٱلشَّمۡسِ وَضُحَىٰهَا ﴿١﴾ وَٱلۡقَمَرِ إِذَا تَلَىٰهَا ﴿٢﴾ وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾

صُحُفِ إِبۡرَٰهِيمَ وَمُوسَىٰ ﴿١٩﴾

وَرَأَيۡتَ ٱلنَّاسَ يَدۡخُلُونَ فِي دِينِ ٱللَّهِ أَفۡوَاجٗا ﴿٢﴾ فَسَبِّحۡ بِحَمۡدِ رَبِّكَ وَٱسۡتَغۡفِرۡهُۚ إِنَّهُۥ كَانَ تَوَّابَۢا ﴿٣﴾

തുടങ്ങിയ സ്ഥലങ്ങളിൽ വഖ്ഫ് ചെയ്യുമ്പോൾ ചിലർ കൂടുതൽ നീട്ടാറുണ്ട് അത് നിഷിദ്ധമാണ്.

## المد الفرعي
# ഫർഇയായ മദ്ദ്

വല്ല കാരണത്താലും 'അസ്വ്ലിയ്യി'നേക്കാൾ നീട്ടേണ്ടിവരുന്ന മദ്ദിനാണ് 'ഫർഇയ്യ്' എന്ന് പറയപ്പെടുന്നത്. ഈ കാരണങ്ങൾ "لفظي" ، "معنوي" എന്നിങ്ങനെ രണ്ടു വിധമുണ്ട്.

മഹത്വം ദ്യോതിപ്പിക്കുക, ബലമായി നിഷേധിക്കുക നിന്ദ്യതയെ സൂചിപ്പിക്കുക മുതലായവയാണ് 'മഅ്നവിയ്യാ'യ കാരണങ്ങൾ. 'വല്ലാത്ത വേദന', 'കണ്ടിട്ടേയില്ല', 'മഹാമോശം' എന്നൊക്കെ പറയുമ്പോൾ കാര്യത്തിൻെറ ഗൗരവാവസ്ഥ സൂചിപ്പിക്കുവാൻ വേണ്ടി കൂടുതൽ നീട്ടാറുണ്ടല്ലോ. ഇതുപോലെ لا ريب , لا شية , لا إله إلا الله തുടങ്ങിയ സ്ഥലങ്ങളിൽ ചില ഖാരിഉകൾ കൂടുതൽ നീട്ടിയിട്ടുണ്ട്.

(الله) എന്നതിലെ ലാമുൽ ജലാലത്തിനെ രണ്ടക്ഷരത്തിൻെറ ഖദ്റ് നിട്ടുന്നത് മദ്ദ് تعظيم "ആദരവി" ൻെറ ഇനത്തിൽ പെട്ടതാണ്.

നിസ്കാരത്തിലെ പോക്കുവരവിൻെറ തക്ബീറുകൾ ഇങ്ങനെ ആവശ്യത്തിന് നീട്ടാവുന്നതാണ്.

അപ്പോൾ ലാമുൽ ജലാലത്തിന് ഖുർആൻ അല്ലാത്തതിൽ ഏഴ് അലിഫ് വരെ മദ്ദ് ചെയ്യൽ അനുവദനീയാമണ്. അതിലും കൂടുതൽ നീട്ടൽ ഹറാമുമാണ്. ഖുർആനിൽ ലാമുൽ ജലാലത്തിനെ രണ്ട് അലിഫിൻെറ ഖദ്റ് നിട്ടാവുന്നതാണ്.

## المد الفرعي لسبب لفظي
# ലഫ്ളിയായ കാരണങ്ങൾ മുഖേനെയുള്ള ഫർഇയായ മദ്ദ്.

മദ്ദക്ഷരത്തിന് ശേഷം ഹംസയോ സുകൂനോ ഉണ്ടാവുന്ന പക്ഷം അസ്ലിയ്യിനെ ക്കാൾകൂടുതൽ നീട്ടണം. ഹംസയുടെയും സുകൂനിൻെറയും ഉച്ചാരണം സുഖകരമാക്കാനാണണിത്.

ഫർഇയായ മദ്ദ് അഞ്ച് ഇനങ്ങളാണ്

**متصِل ، منفَصِلْ ، لازم ، عارِض ، لِين**

എന്നിവയാണത്. ഓരോന്നും വിശദീകരിക്കാം. ആദ്യമായി:

## المد المتصل

മദ്ദക്ഷരത്തിന് ശേഷം അതേ പദത്തിൽ തന്നെ ഹംസ് (همز) വന്നാലുണ്ടാകുന്ന മദ്ദിനാണ് 'മദ്ദ് മുത്തസിൽ' എന്നു പറയുന്നത്. അസ്ലിയായ മദ്ദിനേക്കാൾ ഇതിനെ നീട്ടണമെന്നതിൽ ഖുർറാഉകൾ എല്ലാവരും യോജിച്ചതു കൊണ്ട് ഇതിന് മദ്ദ് വാജിബ് എന്നും പേരുണ്ട്. ഇത് ശറഇയായ വാജിബിൽ പെട്ടതാണ്. നമ്മുടെ ഖിറാഅത്തനുസരിച്ച് മൂന്നോ മൂന്നരയോ അലിഫിൻെറ ഖദ്ർ മദ്ദ് ചെയ്യാവുന്നതാണ്.

ഉദാ:

وَلَمَّا جَآءَتْ رُسُلُنَا لُوطًا سِيٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا (سورة هود ٧٧)

وَإِذْ أَنجَيْنَـٰكُم مِّنْ ءَالِ فِرْعَوْنَ يَسُومُونَكُمْ سُوٓءَ ٱلْعَذَابِ ۖ (الأعراف ١٤١)

وَهُوَ ٱلَّذِىٓ أَنزَلَ مِنَ ٱلسَّمَآءِ مَآءً (الأنعام ٩٩)

മുത്തസിലായ രണ്ട് മദ്ദ് അടുത്ത് വന്നാൽ അവയെ സമമാക്കൽ നിർബന്ധമാണ്. തൊട്ടുമുകളിലുള്ള ഉദാഹരണത്തിലെ من السماء ماء എന്നതിലുള്ള രണ്ടുമദ്ദുകൾപോലെ.

## المد المنفصل

ഒരു പദത്തിൻെറ അവസാനത്തിൽ മദ്ദക്ഷരവും അടുത്ത പദത്തിൻെറ ആദ്യത്തിൽ ഹംസയും വന്നാൽ അതിന് മദ്ദ് മുൻഫസിൽ എന്നു പറയുന്നു. ഇവിടെയും മൂന്നോ മൂന്നരയോ അലിഫിൻെറ ഖദ്ർ മദ്ദ് ചെയ്യാവുന്നതാണ്. പക്ഷെ ഈ മദ്ദ് വാജിബല്ല. എന്നാൽ, രണ്ട് മുൻഫസിലായ മദ്ദ് അടുത്ത് വന്നാൽ അതിൽ ഒന്നിന് മദ്ദ് ചെയ്യുകയും മറേറതിന് ചെയ്യാതിരിക്കുകയും ചെയ്യാൻ പാടില്ല. ഖദ്റിൽ വ്യത്യാസപ്പെടുത്താനും പാടില്ല. ഉദാ:

وَٱلَّذِينَ يُؤۡمِنُونَ بِمَآ أُنزِلَ إِلَيۡكَ وَمَآ أُنزِلَ مِن قَبۡلِكَ وَبِٱلۡأٓخِرَةِ هُمۡ يُوقِنُونَ ﴿٤﴾ (البقرة ٤)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نُودِيَ لِلصَّلَوٰةِ (سورة الجمعة ٩)

ഹാഉ ദമീറിന് **(هاء الضمير)** ശേഷം ഹംസ വന്നാലും ഇതുപോലെ മുൻഫസിലായ മദ്ദിൻെറ വിധിയാണ്. ഉദാ

وَمِنۡ أَهۡلِ ٱلۡكِتَٰبِ مَنۡ إِن تَأۡمَنۡهُ بِقِنطَارٖ يُؤَدِّهِۦٓ إِلَيۡكَ (آل عمران ٧٥)

مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ (البقرة ٢٥٥)

# المد اللازم

മദ്ദക്ഷരത്തിനോ, ലീനക്ഷരത്തിനോ (واو ، ياء) ശേഷം അതേ കലിമത്തിൽ 'വഖ്ഫിലും' 'വസ്്ലിലും' സ്ഥിരമായോ ഇദ്ഗാമിനുവേണ്ടി ലാസിമായതോ ആയ സുകൂനുണ്ടായാൽ ആ മദ്ദിന് لازم എന്നുപറയുന്നു. എല്ലാ ഖാരിഉകളും മൂന്ന് അലിഫിന്റെ ഖദ്ർ മദ്ദ് ചെയ്തതു കൊണ്ടാണ് ഇതിന് مد لازم എന്നു പേരു ലഭിച്ചത്. ഇതിനെ മൂന്ന് ഹർഫിന്റെ ഖദ്റാണ് നീട്ടേണ്ടത്. ഇത് ശറഇയായ വാജിബുമാണ്.

حمٓ ﴿١﴾ تَنزِيلُ ٱلۡكِتَٰبِ مِنَ ٱللَّهِ ٱلۡعَزِيزِ ٱلۡعَلِيمِ ﴿٢﴾

الٓمٓ ﴿١﴾ ذَٰلِكَ ٱلۡكِتَٰبُ لَا رَيۡبَۛ فِيهِۛ هُدٗى لِّلۡمُتَّقِينَ ﴿٢﴾

ٱلۡحَآقَّةُ ﴿١﴾ مَا ٱلۡحَآقَّةُ ﴿٢﴾ وَمَآ أَدۡرَىٰكَ مَا ٱلۡحَآقَّةُ ﴿٣﴾

قُلۡ ءَآلذَّكَرَيۡنِ حَرَّمَ أَمِ ٱلۡأُنثَيَيۡنِ أَمَّا ٱشۡتَمَلَتۡ عَلَيۡهِ أَرۡحَامُ ٱلۡأُنثَيَيۡنِۖ الأنعام١٤٣

أَثُمَّ إِذَا مَا وَقَعَ ءَامَنتُم بِهِۦٓۚ ءَآلۡـَٰٔنَ وَقَدۡ كُنتُم بِهِۦ تَسۡتَعۡجِلُونَ ﴿٥١﴾ يونس

قُلۡ ءَآللَّهُ أَذِنَ لَكُمۡۖ أَمۡ عَلَى ٱللَّهِ تَفۡتَرُونَ ﴿٥٩﴾ يونسف

ലാസിമായ രണ്ടോ അതിൽ അധികമോ മദ്ദ് അടുത്തു വന്നാൽ നീട്ടുന്നതിൽ സമമാക്കൽ വാജിബാണ്.

كٓهيعٓصٓ ﴿١﴾ ذِكۡرُ رَحۡمَتِ رَبِّكَ عَبۡدَهُۥ زَكَرِيَّآ ﴿٢﴾

طسٓمٓ ﴿١﴾ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡمُبِينِ

الٓمٓصٓ ﴿١﴾ كِتَٰبٌ أُنزِلَ إِلَيۡكَ فَلَا يَكُن فِي صَدۡرِكَ حَرَجٞ مِّنۡهُ لِتُنذِرَ بِهِۦ وَذِكۡرَىٰ لِلۡمُؤۡمِنِينَ ﴿٢﴾

## المد العارض

മദ്ദക്ഷരത്തിൻെറ ശേഷം വഖ്ഫ് ചെയ്യുമ്പോൾ സുകൂൻ പുതുതാകുന്നതിനാലുണ്ടാകുന്ന മദ്ദിന് عارض എന്നു പറയുന്നു. ഇതിന് ലാസിമിൽ പറഞ്ഞ മൂന്ന് അലിഫിൻെറ ഖദ്ർ നീട്ടൽ നല്ലതാണ്. നിർബന്ധമില്ല.

وَأَنْ أَقِيمُوا۟ ٱلصَّلَوٰةَ

ذَٰلِكَ ٱلْكِتَـٰبُ لَا رَيْبَ ۛ فِيهِ ۛ

مَـٰلِكِ يَوْمِ ٱلدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾

## المد اللين

ലീനിൻെറ അക്ഷരങ്ങളായ واو ، يـاء എന്നിവയിൽ ഒന്നിന് ശേഷം വഖ്ഫിൽ സുകൂൻ പുതുതാകുന്നതിനാൽ ഉണ്ടാകുന്ന മദ്ദിനാണ് 'മദ്ദുല്ലീൻ" എന്നു പറയുന്നത്. ഇവിടെ രണ്ട് ഹർക്കത്തിൻെറ ഖദ്ർ നീട്ടലാണ് നല്ലത്. ഉദാ:

لِإِيلَـٰفِ قُرَيْشٍ ﴿١﴾ إِۦلَـٰفِهِمْ رِحْلَةَ ٱلشِّتَآءِ وَٱلصَّيْفِ ﴿٢﴾ فَلْيَعْبُدُوا۟ رَبَّ هَـٰذَا ٱلْبَيْتِ ﴿٣﴾

ٱلَّذِىٓ أَطْعَمَهُم مِّن جُوعٍ وَءَامَنَهُم مِّنْ خَوْفٍۭ ﴿٤﴾

# الوقف والابتداء
# തുടക്കവും വിരാമവും

വഖ്ഫിനെക്കുറിച്ചുള്ള അറിവ് വളരെ പ്രധാനപ്പെട്ടതാണ്. ഖുർആനിന്റെ അർഥം അറിയുന്നവർക്കല്ലാതെ വഖ്ഫും ഇബ്തിദാഉം "തുടക്കം" ശരിക്ക് അറിയുക സാധ്യമല്ല. കാരണം അർഥത്തെ ആസ്പദമാക്കിയാണ് രണ്ടും സ്ഥിതി ചെയ്യുന്നത്.

വഖ്ഫ് ചെയ്യൽ അനുവദനീയമാകുന്ന എല്ലാ സ്ഥലത്ത് നിന്നും തുടങ്ങൽ അനുവദനീയമല്ല അർഥം പൂർണമാകുന്ന സ്ഥലത്തു നിന്ന് മാത്രമേ തുടങ്ങാവൂ.

**وقَالَ ابن عمر رضِي اللهُ عنهما : وتنزلُ السورةُ على النبِيّ صلى اللهُ عليه وسلم فنتعلم حرامها وحلالَها وأمرها وزجرها وما ينبغِي أنْ يوقَف عِنده مِنها.**

'നബി صلى الله عليه وسلم യ്ക്കു ഓരോ സൂറത്തും ഇറങ്ങുമ്പോഴും അതിൽ ഹറാമും ഹലാലും കൽപനയും നിരോധവും എവിടെ വഖ്ഫ് ചെയ്യേണമെന്നും ഞങ്ങൾ പഠിച്ചിരുന്നു'.

വഖ്ഫുകൾ പഠിക്കാത്തവർ ഖുർആൻ പഠിച്ചിട്ടില്ല എന്ന് ഇമാം അബൂ ഹാതിം പറയുന്നു.

ഓത്തിന് നാല് അവസ്ഥയുണ്ട്:
**وصل ، وقف ، سكت ، قطع.**
എന്നിവയാണത്:
പദാനുപദം ചേർത്ത് ഓതുന്നതിന് **وصل** എന്ന് പറയുന്നു.
ഓത്തിൽ തുടരും എന്ന ഉദ്ദേശ്യത്തോടു കൂടി ശ്വാസം അയക്കാൻ വേണ്ടി നിറുത്തുന്നതിന് **وقف** എന്നും.
ശ്വാസം അയക്കാതെ അൽപം അടങ്ങുന്നതിന് **سكت** എന്ന് പറയുന്നു. ഖുർറാഅ് സക്ത് ചെയ്ത സ്ഥലത്താല്ലാതെ സകത്ത് പാടില്ലന്നാണ് പ്രബലാഭിപ്രായം.

ഓത്തിൽ നിന്ന് വിരമിക്കുന്നതിന് **قطع** എന്നും പറയുന്നു.

ഇങ്ങനെ **قطـع** ചെയ്താൽ പിന്നീട് തുടങ്ങുമ്പോൾ അഊദും ബിസ്മിയും ഓതൽ സുന്നത്താണ്.
അഊദിന് ഹദീസിൽ വന്ന വാക്ക്:

**أعوذُ بِاللهِ مِن الشيطان الرجِيم**

എന്നാണ്.

ആയത്തിന്റെ അവസാനത്തിൽ മാത്രമേ ഖത്അ് ചെയ്യാവൂ. ചില പ്രത്യേക കാരണങ്ങൾ കൊണ്ടല്ലാത ഖുർആനിൽ ഒരിടത്തും വഖ്ഫ് ചെയ്യലോ ചെയ്യാതിരിക്കലോ നിർബന്ധമില്ല.

## *വഖ്ഫിൻെറ ഇനങ്ങൾ:*

പ്രധാനമായും രണ്ടു വിധ വഖ്ഫുകളുണ്ട്:
*ഒന്ന്:*

## الوقف الاضطراري

ശ്വാസം മുട്ടുകയോ പിന്നീട് വായിക്കാനുള്ളത് അറിയാതെ വരികയോ മറ്റോ ചെയ്യുമ്പോൾ നിർബന്ധിതനായി ചെയ്യുന്ന വഖ്ഫിന് "വഖ്ഫ് ഇള്ത്വിറാരി' **(اضطراري)** എന്നു പറയുന്നു. ഇങ്ങനെ വഖ്ഫ് ചെയ്താൽ അർഥം പൂർണമാവാത്ത സ്ഥലത്താണെങ്കിൽ പൂർണമാകുന്ന പദത്തിൽ നിന്ന് മടക്കി ഓതൽ നിർബന്ധമാണ്.

*രണ്ട്:*

### الوقف الاختياري

പ്രത്യേകം കാരണം കൂടാതെ അർത്ഥം പൂർത്തിയാകുന്ന വാചകത്തിന് ശേഷം ചെയ്യുന്ന വഖ്ഫിനാണ് ഇഖ്തിയാരി **(اختياري)** എന്നു പറയുന്നത്.
ഈ വഖ്ഫ് നാലു വിധമുണ്ട്:

### الوقف التام

ശേഷമുള്ളതുമായി പദത്തിലും അർത്ഥത്തിലും ബന്ധമില്ലാത്ത പദത്തിൻെറ മേൽ വഖ്ഫ് ചെയ്യുന്നതിനാണ് താമ്മായ വഖ്ഫ് (സമ്പൂർണ്ണമായ വിരാമം) എന്ന് പറയുക. ഉദാ: ഫാതിഹിയിലെ.

مَـٰلِكِ يَوْمِ ٱلدِّينِ ﴿٤﴾

എന്നതിലേ 'ദീൻ' എന്ന പദത്തിൽ വഖ്ഫ് ചെയ്യുന്നതു പോലെ.

## الوقف الكافي

ആശയത്തിൽ ശേഷമുള്ള പദവുമായി ബന്ധമുള്ള പദത്തിൽ വഖ്ഫ് ചെയ്യുന്നതിനാണ് (പൂർണ്ണമായ വിരാമം) ഉദാ: താഴെയുള്ള ആയത്തിലെ "ഖലീഫ" എന്ന പദത്തിൽ വഖ്ഫ് ചെയ്യുന്നതു പോലെ:

وَإِذْ قَالَ رَبُّكَ لِلْمَلَـٰٓئِكَةِ إِنِّى جَاعِلٌ فِى ٱلْأَرْضِ خَلِيفَةً ۖ قَالُوٓا۟ أَتَجْعَلُ فِيهَا مَن يُفْسِدُ فِيهَا

ഇത്തരം സ്ഥലങ്ങളിൽ വഖ്ഫ് ചെയ്യൽ അനുവദനീയമാണെങ്കിലും പുറകെയുള്ളതിൽ നിന്ന് തുടങ്ങുന്നതാണ് നല്ലത്. അതിനെ സൂചിപ്പിക്കാൻ മുകളിൽ صلى എന്ന് അടയാളപ്പെടുത്തിയതായി കാണാം. **الوصل أولى** (ചേർത്തിയോതലാണ് നല്ലത്) എന്നതിൻെറ ചുരുക്കപ്പേരാണിത്.

### الوقف الحسن

വാക്യം പൂർണമായതോടെത്തന്നെ പുറകെയുള്ളതിന് മുമ്പുളതുമായി **لفظي** ആയ ബന്ധം ഉള്ളിടത്ത് ചെയ്യുന്ന വഖ്ഫിനാണ് 'അനുവദനീയ വിരാമം' എന്നു പറയുന്നത്. ഉദാഹരണം: ഫാതിഹയിലെ

ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴿٦﴾ صِرَٰطَ ٱلَّذِينَ أَنْعَمْتَ عَلَيْهِمْ

എന്നതിലെ 'മുസ്തഖീം" എന്നിടത്ത് വഖ്ഫ് ചെയ്യുന്നതുപോലെ.

# الوقف القبيح

അർത്ഥം പൂർൺമാവാത്ത ഒരു പദത്തിൻെറ മേൽ വഖ്ഫ് ചെയ്യുന്നതിന് "അശുഭ വിരാമം" എന്നു പറുയുന്നു. ഉദാ: സൂറത്തുന്നിസാഇലെ:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقْرَبُوا۟ ٱلصَّلَوٰةَ وَأَنتُمْ سُكَـٰرَىٰ

എന്നതിൽ **الصلوة** എന്ന പദത്തിൽ വഖ്ഫ് ചെയ്യുന്നതുപോലെ.

ഇത്തരം പദങ്ങളുടെ മേൽ വഖ്ഫ് ചെയ്താൽ ഉദ്ദിഷ്ഠമല്ലാത്ത ഒരർഥം ഊഹിക്കപ്പെടാമെന്നതിനാൽ മനപ്പൂർവ്വം അത്തരം സ്ഥലങ്ങളിൽ വഖ്ഫ് ചെയ്യൽ ഹറാമണ്. അഥവാ ചെയ്താൽ മുമ്പിൽ നിന്ന് മടക്കിയോതൽ വാജിബുമാണ്. ഖുർആനിൽ ചിലസ്ഥലങ്ങളിൽ ഇങ്ങനെ മനപ്പൂർവ്വം വഖ്ഫ് ചെയ്താൽ മുർത്തദ്ദാവാൻ വരെ സാധ്യതയുണ്ട്. അല്ലാഹു കാത്തുരക്ഷിക്കട്ടെ. ചില ഉദാഹരണങ്ങൾ കാണുക. സൂറത്തു ഗാഫിറിലെ താഴെയുള്ള ആയത്തിലെ

إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ مُسْرِفٌ كَذَّابٌ ﴿٢٨﴾

"യഹ്ദീ" എന്ന പദത്തിൻെറ മേൽ വഖ്ഫ് ചെയ്യുന്നതുപോലെ. അർത്ഥം വളരെ മോശമായി മാറും. 'അല്ലാഹു ഹിദായത്താക്കുന്നവനല്ല' എന്നാകും അർഥം
അതു പോലെ

فَٱعْلَمْ أَنَّهُۥ لَآ إِلَـٰهَ إِلَّا ٱللَّهُ

എന്നതിലെ 'ലാ ഇലാഹ്" എന്നിതൻെറ മേൽ വഖ്ഫ് ചെയ്യുന്നതും ഇതുപോലെയാണ്.

# علامات الوقف
## വഖ്ഫിൻെറ അടയാളങ്ങൾ

| ഉദാഹരണം | ഉദ്ദേശം | പൂർണരൂപം | അടയാളം |
|---|---|---|---|
| إِنَّمَا يَسْتَجِيبُ ٱلَّذِينَ يَسْمَعُونَ ۘ وَٱلْمَوْتَىٰ يَبْعَثُهُمُ ٱللَّهُ ثُمَّ إِلَيْهِ يُرْجَعُونَ | വഖ്ഫ് ചെയ്യൽ നിർബന്ധമെന്നാണ് സാരമെങ്കിലും ശറഇയായ വാജിബ് എന്നുദ്ദേശ്യമില്ല. മുഅക്കദായ സുന്നത്താണ്. | اللازم | م |
| مَّا فَرَّطْنَا فِى ٱلْكِتَٰبِ مِن شَىْءٍ ۚ ثُمَّ إِلَىٰ رَبِّهِمْ يُحْشَرُونَ | വഖ്ഫ് ചെയ്യുകയും ചെയ്യാതിരിക്കുകയും ചെയ്യാം. | الوقف الجائز | ج |
| لَهُمْ فِى ٱلدُّنْيَا خِزْىٌ ۖ وَلَهُمْ فِى ٱلْءَاخِرَةِ عَذَابٌ عَظِيمٌ | വഖ്ഫ് ചെയ്യുകയും ചെയ്യാതിരിക്കുകയും ചെയ്യാം എന്നാലും ചേർത്തി ഓതലാണ് നല്ലത്. | الوصل أولى | صلى |
| فَقَدْ جَآءَكُم بَشِيرٌ وَنَذِيرٌ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ١٩ | രണ്ടും അനുവദനീയമാണ് എന്നാൽ വഖ്ഫ് ചെയ്യലാണ് ഉത്തമം. | الوقف أولى | قلى |
| ذَٰلِكَ ٱلْكِتَٰبُ لَا رَيْبَ ۛ فِيهِ ۛ هُدًى لِّلْمُتَّقِينَ | രണ്ടിലൊരു സ്ഥലത്ത് വഖ്ഫ് ചെയ്യാം. രണ്ട് സ്ഥലത്തുംകൂടി വഖ്ഫ് ചെയ്യാൻ പാടില്ല | المعانقة | ∴ ∴ |

## الهـــاء

## ഹാഅ് എന്ന അക്ഷരം

ഹാഅ് (الهاء) മൂന്ന് വിധമുണ്ട്. ഒന്ന്: هاء الضمير (അത്, അവൻ, എന്നൊക്കെ അർഥം കുറിക്കുന്ന അക്ഷരമാണിത്) ഇതിൻെറ മുമ്പും പിമ്പും ഹർക്കത്താണെങ്കിൽ ചേർത്തോതുമ്പോൾ അതിന് അസ്‌ലിയായ മദ്ദുണ്ടാകും. ഉദാഹരണം

فَلَمَّآ أَضَآءَتۡ مَا حَوۡلَهُۥ ذَهَبَ ٱللَّهُ بِنُورِهِمۡ

وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخۡرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزۡقًا لَّكُمۡ

ഇങ്ങനെ നീട്ടേണ്ടുന്ന സ്ഥലങ്ങളിൽ തജ്‌വീദിൻെറ നിയമങ്ങളനുസരിച്ച് എഴുതപ്പെട്ട മുസ്ഹഫുകളിൽ ദ്വമ്മ് കൊണ്ട് നീട്ടേണ്ടുന്ന സ്ഥലത്ത് ഒരു ചെറിയ വാവും കസ്റുകൊണ്ട് നീട്ടേണ്ടുന്ന ഹാഉകൾക്കു ശേഷം ഒരു ചെറിയ യാഉം അടയാളമായി കൊടുത്തിട്ടുണ്ടാകും മുകളിലുള്ള ഉദാഹരണങ്ങളിൽ അവ രണ്ടും കാണാം.

ഇനി ശേഷമുള്ള അക്ഷരം ഹംസയാണെങ്കിൽ മദ്ദ് മുൻഫസിലായത്തീരുന്നതാണ്. അപ്പോൾ മൂന്ന് മുതൽ മൂന്നര വരെ അക്ഷരത്തിൻെറ ഖദ്റ് നീട്ടാവുന്നതാണ്. ഉദാ:

قَالَ وَمَن كَفَرَ فَأُمَتِّعُهُۥ قَلِيلًا ثُمَّ أَضۡطَرُّهُۥٓ إِلَىٰ عَذَابِ ٱلنَّارِۖ

وَإِذۡ قَالَ مُوسَىٰ لِقَوۡمِهِۦٓ إِنَّ ٱللَّهَ يَأۡمُرُكُمۡ أَن تَذۡبَحُواْ بَقَرَةً

ഇനി ഈ ഹാഉൻെറ മുമ്പോ ശേഷമോ സുകൂനാണെങ്കിൽ നീട്ടാൻ പാടുള്ളതല്ല. അത്തരം സ്ഥലങ്ങളിൽ ഈ ചെറിയ വാവോ യാഓ ഉണ്ടായിരിക്കുന്നതുമല്ല. ഉദാ:

فَمَنِ ٱضۡطُرَّ غَيۡرَ بَاغٖ وَلَا عَادٖ فَلَآ إِثۡمَ عَلَيۡهِۚ إِنَّ ٱللَّهَ غَفُورٞ رَّحِيمٌ

فَمَن شَهِدَ مِنكُمُ ٱلشَّهۡرَ فَلۡيَصُمۡهُۖ وَمَن كَانَ مَرِيضًا أَوۡ عَلَىٰ سَفَرٖ فَعِدَّةٞ مِّنۡ أَيَّامٍ أُخَرَۗ

ഈ പറയപ്പെട്ട എല്ലാതരം ഹാഉകളിലും വഖ്ഫ് ചെയ്യുകയാണെങ്കിൽ മദ്ദ് ചെയ്യാതെ സുകൂൻ കൊണ്ട് വഖ്ഫ് ചെയ്യുകയാണു വേണ്ടത്.

# الرسم العثماني
# റസ്മുൽ ഉസ്മാനി

മൂന്നാം ഖലീഫ സയ്യിദുനാ ഉസ്മാനു അഫ്ഫാൻ رضي الله عنه ൻെറ കല്പന പ്രകാരം സ്വഹാബത്തിൻെറ ഏകകണ്ഠമായ തീരുമാനമനുസരിച്ച് എഴുതപ്പെട്ട മുസ്ഹഫിൻെറ പ്രത്യേക എഴുത്ത് രൂപത്തിന് "റസ്മുൽ ഉസ്മാനി" എന്നു. പറയുന്നു.

നാം മുമ്പ് വിശദീകരിച്ചതുപോലെ ഖുർആൻ പാരായണത്തിൻെറ മൂന്ന് നിർബന്ധഘടങ്ങളിലൊന്നാണല്ലോ "ഓത്ത് റസ്മുൽ ഉസ്മാനിയോട് യോജിച്ചിരിക്കുക" എന്നത്. ഇത് അറിഞ്ഞില്ലങ്കിൽ ഖുർആൻ പാരായണത്തിൽ പല തെററുകളും സംഭവിക്കാം.

ഖുർആനിൻെറ കോർവ പോലെത്തന്നെ അതിൻെറ എഴുത്തിനും അമാനുഷികതയും അസാധാരണത്വും ഉണ്ട്. കൂടാതെ ഒന്നിലധികം ഖിറാഅത്തുകൾ ഈ എഴുത്തിൽ ഉൾക്കൊള്ളുന്നുണ്ട്. ഉദാഹരണമായി:

ഫാതിഹയിലെ مَٰلِكِ എന്നത് مَـٰلِكِ എന്നെഴുതിയതുപോലെ.

അറബി ഭാഷ നിയമാനുസൃതമായി എഴുതേണ്ടുന്ന രൂപത്തിൽ നിന്നും വിട്ട് ചില പ്രത്യേ രൂപത്തിൽ എഴുതുന്നതാണ് ഈ വ്യത്യാസം. പ്രധാനമായും ആറു വിഷയങ്ങളിലാണ് ഈ പ്രത്യേകതകളുള്ളത്. അവ:

## *ഒന്ന്: നിയമാനുസൃതമായി എഴുതേണ്ടുന്ന ഒരക്ഷരത്തെ കളയുക.*

*ഉദാ:*

| പ്രത്യേകത | റസ്മുൽ ഉസ്മാനി | നിയമാനുസൃത എഴുത്ത് |
|---|---|---|
| അലിഫ് കളഞ്ഞു | مَـٰلِكِ يَوْمِ ٱلدِّينِ ۝٤ | مَاْلِكِ يومِ الدِّين |
| | يَـٰبَنِىٓ ءَادَمَ لَا يَفْتِنَنَّكُمُ ٱلشَّيْطَـٰنُ (أعراف ٢٧) | يَاْ بني آدم لاَ يفْتِننكُم الشيطَانُ |
| യാഅ് കളഞ്ഞു | وَيَقْتُلُونَ ٱلنَّبِيِّـۧنَ بِغَيْرِ ٱلْحَقِّ ۚ (البقرة ٦١) | ويقْتلُونَ النبِيّين بِغير الْحقّ |
| | قَالَ أَتُحَـٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ (الأنعام ٨٠) | قَالَ أ تحاجونّي فِي اللهِ وقَد هدٰاني |
| വാവ് കളഞ്ഞു | لِيُبْدِىَ لَهُمَا مَا وُۥرِىَ عَنْهُمَا (أعراف ٢٠) | لِيبدِي لَهما ما ووري عنهما |
| | وَيَمْحُ ٱللَّهُ ٱلْبَـٰطِلَ (شورى ٢٤) | ويمحو اللهُ الْباطِلَ |
| ലാമിനെ കളഞ്ഞു | وَٱلَّيْلِ إِذَا يَغْشَىٰ ۝١ (الليل ١) | والليل إذَا يغشى |

## രണ്ട്: നിയമാനുസൃതമായി ആവശ്യമില്ലാത്ത ഒരക്ഷരത്തെ അധികമാക്കുക

ഉദാ:

| പ്രത്യേകത | റസ്മുൽ ഉസ്മാനി | നിയമാനുസൃത എഴുത്ത് |
|---|---|---|
| അലിഫിനെ അധികരിപ്പിച്ചു | وَجِا۟ىٓءَ يَوْمَئِذٍۭ بِجَهَنَّمَ (الفجر ٢٣) | وجِيْءَ يومئذٍ بِجهنم |
| | وَثَمُودَا۟ فَمَآ أَبْقَىٰ ﴿٥١﴾ (نجم ٥١) | وثمود فما أبقى |
| യാഇനെ അധികരിപ്പിച്ചു | وَٱلسَّمَآءَ بَنَيْنَٰهَا بِأَيْي۟دٍ (الذاريات ٤٧) | والسماءَ بنيناها بِأيدٍ |
| | بِأَييِّكُمُ ٱلْمَفْتُونُ ﴿٦﴾ (القلم ٦) | بِأَيِّكُم المفْتونُ |
| വാവിനെ അധികരിപ്പിച്ചു | سَأُو۟رِيكُمْ دَارَ ٱلْفَٰسِقِينَ ﴿١٤٥﴾ (الأعراف ١٤٥) | سأُريكُم دار الفاسِقين |

## മൂന്ന്: നിയമാനുസൃതമായി എഴുതേണ്ടുന്ന അക്ഷരത്തിനു പകരം മറ്റൊരക്ഷരത്തെ എഴുതുക.

ഉദാ:

| പ്രത്യേകത | റസ്മുൽ ഉസ്മാനി | നിയമാനുസൃത എഴുത്ത് |
|---|---|---|
| അലിഫിനു പകരം യാഅ് എഴുതി | فَسَوَّىٰهُنَّ سَبْعَ سَمَٰوَٰتٍ (البقرة ٢٩) | فَسواهن سبع سماواتٍ |
| | وَمَآ أَدْرَىٰكَ مَا هِيَهْ ﴿١٠﴾ (القارعة) | وما أدراك ما هِيه |
| യാഇനു പകരം അലിഫെഴുതി | فَلَمَّا تَرَٰٓءَا ٱلْجَمْعَانِ (الشعراء ٦١) | فَلما ترٰاءى الجمعان |
| | فَلَمَّا جَنَّ عَلَيْهِ ٱلَّيْلُ رَءَا كَوْكَبًا (الأنعام ٧٦) | فلما جن عليه الليلُ رأى كوكبا |
| അലിഫിനു പകരം വാവ് എഴുതി | وَيُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ (البقرة ٣) | ويقيمونَ الصلاةَ ومما رزقْناهم ينفِقونَ |
| സീനിനു പകരം സ്വാദ് എഴുതി | لَّسْتَ عَلَيْهِم بِمُصَيْطِرٍ ﴿٢٢﴾ (الغاشية) | لست عليهم بِمسيطِرٍ |
| നൂനിനു പകരം അലിഫ് എഴുതി | كَلَّا لَئِن لَّمْ يَنتَهِ لَنَسْفَعًۢا بِٱلنَّاصِيَةِ ﴿١٥﴾ (العلق) | كلا لئِن لم ينتهِ لنسفعَن بِالناصِية |
| ഹാതാഇനു പകരം താഅ് എഴുതി | فَلَن تَجِدَ لِسُنَّتِ ٱللَّهِ تَبْدِيلًا (فاطر ٤٣) | فلَن تجد لِسنةِ اللهِ تبديلاً |

## നാല്: നിയമാനുസൃതമായി ചേർത്തെഴുതേണ്ടതിനെ പിരിച്ചെഴുതുക

ഉദാ:

| | | |
|---|---|---|
| ചേർത്തിയെഴുതേണ്ടതിനെ പിരിച്ചെഴുതി | فَمَالِ هَٰٓؤُلَآءِ ٱلۡقَوۡمِ لَا يَكَادُونَ يَفۡقَهُونَ حَدِيثٗا (النساء ٧٨) | فما لِهـؤلاءِ القـوم لا يكـادون يفْقَهونَ حديثًا |

## അഞ്ച്: നിയമാനുസൃതമായി പിരിച്ചെഴുതേണ്ടതിനെ ചേർത്തെഴുതുക

ഉദാ:

| | | |
|---|---|---|
| പിരിച്ചെഴുതേണ്ടതിനെ ചേർത്തി എഴുതി | قَالَ يَبۡنَؤُمَّ لَا تَأۡخُذۡ بِلِحۡيَتِي وَلَا بِرَأۡسِيٓ (طه ٩٤) | قالَ يا ابن أم لا تأخذْ بِلِحيتي ولا بِرأسي |

## ആറ്: നിയമാനുസൃതമായി ഹംസ് (همز) എഴുതേണ്ടുന്ന രൂപത്തിലല്ലാതെ ഹംസയെ എഴുതുക.

ഉദാ:

| | | |
|---|---|---|
| അലിഫിൻെറ മുകളിൽ എഴുതേണ്ട ഹംസയെ സ്വന്തമായി എഴുതി. | أَرَءَيۡتَ ٱلَّذِي يُكَذِّبُ بِٱلدِّينِ ۝١ (ماعون) | أرأيت الذي يكذِّب بِالدِّين |

അറബി ഭാഷ എഴുതാൻ അറബികൾ വിവിധ എഴുത്തു രൂപങ്ങൾ സ്വീകരിക്കാറുണ്ട് അവയിൽ പ്രസിദ്ധമാണ് "കൂഫി", "നസ്ഖ്", "ദീവാനി", "റഖ്ഇൗ", "ഫാരിസി", സുലുഥ് തുടങ്ങിയ രൂപങ്ങളൊക്കെ. ഖുർആൻ എഴുതാൻ ഈ ഏതു ലിപികളും സ്വീകരിക്കാ വുന്നതാണ്. പക്ഷെ നാം നേരത്തെ പറഞ്ഞ ആറു നിബന്ധനകൾ പാലിച്ചിരിക്കണമെന്നു മാത്രം. അപ്പോൾ "റസ്മു ഉസ്മാനി" എന്നത് ഒരു ലിപിയല്ലന്നും അത് സ്വഹാബത്ത് ഖുർആൻ എഴുതാൻ സ്വീകരിച്ച പ്രത്യേക നിയമങ്ങളാണെന്നും മനസ്സിലായി.

ഉദാഹരണമായി ملك يوم الدين എന്ന് ഖുർആനിൽ സ്വഹാബത്ത് എഴുതിയത്

مَٰلِكِ يَوۡمِ ٱلدِّينِ ۝٤

എന്ന് മീമിൻെറ ശേഷം അലിഫില്ലാതെയാണ് അത് കൂഫിയിലായാലും നസ്ഖിലായാലും മററു ലിപികളിലായാലും അങ്ങിനെത്തന്നെ എഴുതണം.

ملك يوم الدين എന്നത് വിവിധ ലിപികളിലെഴുതിയത് കാണുക:

| എഴുത്തിൻെറ പേര് | ആയത്ത് |
|---|---|
| കൂഫി | ملك يوم الدين |
| നസ്ഖ് | ملك يوم الدين |
| ഫാരിസി | ملک يوم الدين |
| സുലുഥ് | مَٰلِكِ يَوۡمِ ٱلدِّينِ ۝٤ |

അറബിയുടെ മറെറാരു ലിപിയാണ് നാട്ടിലെ പൊന്നാനിയിൽ നിന്നും തിരൂരങ്ങാടിയിൽ നിന്നുമൊക്കെ പ്രിൻറ് ചെയ്യുന്ന അറബി പുസ്തകങ്ങളുടെ ലിപി. പക്ഷെ അവർ മുസ്ഹഫ് ഈ ലിപിയിൽ എഴുതിയപ്പോൾ മുകളിൽ പറഞ്ഞ നിയമം പാലിച്ചില്ലന്നതാണ് തെററ്. അല്ലാതെ ആ ലിപിയെ നാം ആക്ഷേപിക്കുന്നില്ല.

ഈ നിയമങ്ങൾ പാലിക്കാത്ത മുസ്ഹഫുകളിൽ ഖുർആൻ പാരായണം ചെയ്യുന്നത് ഒഴിവാക്കുക.

# ഖുർആൻ ക്രോഡീകരണം

തിരു നബി صلى الله عليه وسلم യുടെ കാലത്ത് തന്നെ സ്വഹാബിമാർ പലരും ഖുർആൻ എഴുതി വെച്ചിരുന്നു. ഓരോ സൂക്തവും ഏത് സൂക്തത്തിന് ശേഷം ചേർക്കണമെന്ന് നബി صلى الله عليه وسلم നിർദ്ദേശിച്ചിരുന്നു. സൂറത്തുകളുടെ ക്രമീകരണവും അതുപോലെത്തന്നെയായിരുന്നു.

പക്ഷെ ഇന്നത്തേതുപോലുള്ള ക്രമീകരണം സ്വഹാബത്തിൻെറ ഹൃദയത്തിൽ മാത്രമായിരുന്നു.

ഒന്നാം ഖലീഫ മഹാനായ സിദ്ദീഖ് رضي الله عنه ൻെറ ഭരണ കാലത്ത് (ഹി.12ൽ) മുസൈലിമത്തുൽ കദ്ദാബുമായുണ്ടായ യുദ്ധത്തിൽ ഖുർആൻ മന:പാഠമാക്കിയ നൂറുകണക്കിന് സ്വഹാബികൾ ശഹീദായപ്പോൾ ഖുർആൻ നഷ്ടപ്പെട്ടുപോകുമോ എന്ന ആശങ്കയാൽ അത് ഒററ ഏടായി എഴുതി സൂക്ഷുക്കാൻ ഉമർ رضي الله عنه സിദ്ദീഖ് رضي الله عنه നോട് ആവശ്യപ്പെട്ടു. അതൊരു നല്ല കാര്യമാണെന്നു ബോധ്യപ്പെട്ട സിദ്ദീഖ് رضي الله عنه ഈ മഹൽ കർമ്മത്തിന് സൈദുബ്നു സാബിത് رضي الله عنه നെ ചുമതലപ്പെടുത്തി. (ഇദ്ദേഹം നബി صلى الله عليه وسلم യുടെ കാലത്തു തന്നെ ഖുർആൻ എഴുതുന്ന ചുമതലയുള്ള സ്വഹാബിയായിരുന്നു)

അങ്ങിനെ നബി صلى الله عليه وسلم യുടെ കാലത്ത് എല്ലിലും മരക്കഷ്ണത്തിലും ഈത്തപ്പനമടലിലും തോലിലും കല്ലിലുമെല്ലാം എഴുതിവെച്ചിരുന്ന ഖുർആൻ വചനങ്ങളെ ഖുർആനിൻെറ ക്രമപ്രാകരം കടലാസിലേക്ക് പകർത്തി എഴുതി. സിദ്ദീഖ് رضي الله عنه ൻെറ മരണം വരെ ഈ മുസ്ഹഫ് അവരുടെ കൈവശവും പിന്നീട് ഉമർ رضي الله عنه ൻെറ കൈവശവും ശേഷം അവരുടെ മകൾ ഉമ്മുൽ മുഅ്മിനീൻ ഹഫ്സ്വ رضي الله عنها യുടെ പക്കലുമായിരുന്നു.

വിശുദ്ധ ഖുർആൻ വള്ളിപുള്ളി വ്യത്യാസമില്ലാതെ നിലനിൽക്കാൻ ഒരു ഔദ്യാഗിക രേഖയെന്ന നിലയിൽ സൂക്ഷിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പാരായണത്തിന് ഉപയോഗിച്ചിരുന്നില്ല.

പിന്നീട് ഉസ്മാൻ رضي الله عنه വിൻെറ ഭരണ കാലത്ത് ഇസ്ലാമിക പ്രചരണാർഥം പോയ അണികളുടെ ഇടയിൽ ഖുർആനിലെ ചില വാക്കുകളുടെ പാരായണത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ സിദ്ദീഖ് رضي الله عنه ൻെറ കാലത്ത് എഴുതിവെച്ചതും ഇപ്പോൾ ഹഫ്സ്വ رضي الله عنها യുടെ കൈവശമുള്ളതുമായ മുസ്ഹഫിൽ നിന്ന് കൂടുതൽ കോപികൾ പകർത്തിയെഴുതാൻ സൈദുബ്നു സാബിത്തുൽ അൻസാരിയുടെ നേതൃത്വത്തിൽ പ്രത്യേകം കമ്മിററിയെ ഉസ്മാൻ رضي الله عنه ചുമതലപ്പെടുത്തി.

ഇവർ എട്ടു മുസ്ഹഫുകൾ പകർത്തി എഴുതിയിട്ടുണ്ട്.

പകർപ്പുകൾ തയ്യാറായ ശേഷം അവ മൂന്ന് പ്രാവശ്യം ആവർത്തിച്ചു പരിശോധിക്കകുയും ചെയ്തു.

12 –ായിരത്തോളം സ്വഹാബത്തിൻെറ സാന്നിദ്ധ്യത്തിൽ ഖുർആനിൻെറ സമ്പൂർണ രൂപം ഇതായി പ്രഖ്യാപിക്കുകയും, ഇതനുസരിച്ചു മാത്രമേ ഇനി ഖുർആൻ പാരായണം ചെയ്യാവൂ എന്ന് വിളംബരം ചെയ്യുകയും ചെയ്തു. ശേഷം മററുള്ളവർ എഴുതിവെച്ച മറെറല്ലാ മുസ്ഹഫുകളും നഷിപ്പിക്കുകയും ചെയ്തു.

ഈ മുസ്ഹഫിനെക്കുറിച്ചാണ് “മുസ്ഹഫുകളുടെ ഇമാം” എന്ന് പറയുന്നത്. പിന്നീട് മുസ്ലിം ലോകം പാരായണത്തിന് അവലംബമാക്കിയത് ഈ മുസ്ഹഫുകളെയും അതിൽ നിന്ന് പകർത്തിയെഴുതിയവയേയുമാണ്. അതു കൊണ്ടാണ് പിന്നീട് മുസ്ഹഫുകൾക്ക് "റസ്മു ഉസ്മാനി" എന്ന പേര് വരാനുണ്ടായ കാരണം.

# പുള്ളികളും ഹർക്കത്തുകളും

ഉസ്മാൻ رضي الله عنه എഴുതിച്ച മുസ്ഹഫുകളിൽ "ഫത്ഹ്", "കസ്റ്", "ദ്വമ്മ്", "മദ്ദ്", "ശദ്ദ്" തുടങ്ങിയ ഹർക്കത്തുകളോ സുറത്തുകളുടെ പേരുകളോ, സൂക്തങ്ങൾ അവസാനിക്കുന്ന ചിഹ്നങ്ങളോ ഉണ്ടായിരുന്നില്ല.

എന്നാൽ ആ മുസ്ഹഫിൽ ബറാഅത്ത് ഒഴിച്ചുള്ള എല്ലാ സൂറത്തുകളുടെയും ആദ്യത്തിൽ ബിസ്മി ഉണ്ടായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഒരോ സൂറത്തിലെയും ഒരായത്താണ് "ബിസ്മി" എന്ന് ഇമാം ശാഫിഇ رحمه الله യും മററും പറഞ്ഞതിനുള്ള കാരണവും ഇതാണ്.

ഉസ്മാനി മുസ്ഹഫിന്റെ മൂല്യക്ഷരങ്ങൾക്കും ഘടനക്കും യാതൊരു മാററവും വരുത്താതെ വായനാ സൗകര്യത്തിന്ന് വേണ്ടി ഖുർആനിൽ ഹറക്കത്ത്, പുള്ളി, ശദ്ദ്, മദ്ദ് തുടങ്ങിയവ നൽകുന്നത് സുന്നത്താണെന്നും നിർബന്ധമാണെന്നും പറഞ്ഞ ഇമാമുകളുണ്ട്.

അലിയ്യുബ്നു അബീതാലിബിന്റെ ശിഷ്യനായ അബുൽ അസ്വദ് അൽ ദുഅ്ലി (أبو الأسود الدؤلي رحمه الله) (മരണം ഹിജ്റ 69ൽ) എന്നിവരാണ് ആദ്യമായി ഹർക്കത്തിനെ സൂചിപ്പിക്കുന്ന പുള്ളികൾ മുസ്ഹഫിൽ നൽകിയത്.

ഹിജ്റ എഴുപതു വരെ അതവാ 40 കൊല്ലം ഹർക്കത്തുകളോ പുള്ളികളോ ഇല്ലാത്ത ഉസ്മാനി മുസ്ഹഫിലായിരുന്നു ജനങ്ങൾ ഖുർആൻ പാരായണം ചെയ്തത്. ഈ കാലത്ത് ഇസ്ലാം തഴച്ചു വളരുകയും അറബികളും അനറബികളും കലർന്നുള്ള ജീവിതമായിത്തീർന്നതോടു കൂടി ഖുർആന്റെ ഉച്ചാരണത്തിൽ പിശക് വരാൻ തുടങ്ങിയതാണ് അബുൽ അസ്വദ് ദുഅ്ലിയെ ഈ മഹൽ കർമ്മത്തിന് പ്രേരിപ്പിച്ചത്. മുആവിയ رضي الله عنه ന്റെ ഭരണകാലത്ത് ബസ്വറയിലെ അമീറായിരുന്ന സിയാദുബ്നു അബീ സുഫ്യാന്റെ നിർദ്ദേശമനുസരിച്ചുമാണത്. പ്രധാന ഹർക്കത്തുകളായ ഫത്ഹിനു പകരം മുകളിൽ ഒരു പുള്ളിയും ദ്വമ്മിനു പകരം അക്ഷങ്ങളുടെ ശേഷം ഒരു പുള്ളിയും കസ്റിനു പകരം അക്ഷരങ്ങളുടെ താഴെ ഒരു പുള്ളിയുമായിരുന്നു അദ്ദേഹം നൽകിയ പരിഷ്കരണം. സുകൂനിന് അടയാളങ്ങളൊന്നും ഇല്ലായിരുന്നു.

പിന്നീട് അബുൽ അസ്വദിന്റെ ശിഷ്യനായ ഇമാം ഖലീലുബ്നു അഹ്മദ് (മരണം 170 ഹി.) رحمه الله യാണ് ഇന്ന് മുസ്ഹഫുകളിൽ കാണുന്ന രൂപത്തിൽ ഹർക്കത്തുകളും ശദ്ദും മദ്ദുമെല്ലാം നൽകി ഖുർആൻ കൂടുതൽ മനോഹരമാക്കിയത്.

# അറബി അക്ഷരങ്ങൾക്ക് പുള്ളികൾ നൽകിയത്

അറബിയിൽ 14 അക്ഷരങ്ങൾ പുള്ളിയില്ലാത്തതും 15 എണ്ണം പുള്ളികളുള്ളതുമാണ്. അബ്ദുൽ മലികുബ്നു മർവാന്റെ കാലത്ത് ഹജ്ജാജുബ്നു യൂസുഫിന്റെ (മരണം 95ഹി.) നിർദ്ദേശപ്രകാരം നസ്റുബ്നു ആസ്വിമുല്ലൈസിയും യഹ്യബ്നു യഅ്മുറുൽ ഉദ്വാനിയും കൂടിയാണ് അക്ഷരങ്ങൾക്ക് പുള്ളികൾ നൽകിയത്. (രണ്ടുപേരും അബുൽ അസ്വദിന്റെ ശിഷ്യൻമാരുമാണ്)

## ഖിറാഅത്തുമായി ബന്ധപ്പെട്ട ചില മസ്അലകൾ:

തൗബ സൂറത്തിൻെറ തുടക്കത്തിൽ ബിസ്മി എഴുതാത്തതിൻെറ കാരണം:

തൗബ സൂറത്ത് അതിനു മുമ്പുള്ള സൂറത്തായ الأنفال ൻെറ ബാക്കി ഭാഗമാണെന്ന അഭിപ്രായത്താലും തിരു നബി صلى الله عليه وسلم ഇവിടെ ബിസ് എഴുതാൻ നിർദ്ദേശിച്ചിട്ടില്ല എന്നതിനാലും سورة التوبة യുദ്ധത്തെ കുറിച്ചും കരാർ പൊളിച്ച മുശ്രിക്കുകൾക്കും മുനാഫിഖുകൾക്കും ശക്തമായ താക്കീതുകളുമുള്ള സൂറത്താവുകയും ബിസ്മി റഹ്മത്തിൻെറ ആയത്തായതിനാലും രണ്ടും പരസ്പരം യോജിക്കാത്തതായതിനാലുമാണ് ഈ സൂറത്തിൽ ബിസ്മി എഴുതാത്തതെന്നാണ് ഇമാമുകളുടെ അഭിപ്രായം.

ഇമാം ഇബ്നു ഹജറുൽ ഹൈതമി رحمه الله ൻെറ അഭിപ്രായമനുസരിച്ച് ഈ സൂറത്തിൻെറ തുടക്കത്തിൽ ബിസ്മി ഓതൽ ഹറാമും ഇടയിൽ കറാഹത്തുമാണ്. എന്നാൽ ഷാഫിഇ മദ്ഹബിലെ മറ്റൊരു പ്രധാന ഇമാമായ ഇമാം മുഹമ്മദ് റംലിയുടെ അഭിപ്രായമനുസരിച്ച് തുടക്കത്തിൽ കറാഹത്തും ഇടയിൽ സുന്നത്തുമാണ്.

എന്നാൽ മറന്നുകൊണ്ട് ബിസ്മി ഓതിപ്പോയാൽ കുററമില്ല.

തുപ്പുനീരു തൊട്ട് ഖുർആൻ മറിക്കൽ ഹറാമാണ്. അത് എഴുത്തില്ലാത്ത ഭാഗം തൊട്ടാണ് ഇങ്ങനെ മറിക്കുന്നതെങ്കിലും ഹറാം തന്നെ.

## ഖുർആൻ പാരായണ മര്യാദകൾ:

ബ്രഷ് ചെയ്തു വായ വൃത്തിയാക്കി വുളൂഅ് ചെയ്ത് ആദരവോടും സമാധാനത്തോടും ഖിബ്ലക്കഭിമുഖമായും മറെറാന്നിനോടും ചാരിയിരിക്കാതെയുമാണ് ഖുർആൻ ഓതേണ്ടത്.

നജസായ വായയോടെ ഓതൽ കറാഹത്താണ്.

അല്ലാഹുവിൻെറ പ്രീതി കാംക്ഷിക്കലും. അർത്ഥമറിഞ്ഞാലും ഇല്ലങ്കിലും സാവധാനം ഓതലും പള്ളിയിൽ വെച്ചാവലും കൂടുതൽ ശ്രേഷ്ഠമാണ്.

ഓതുമ്പോൾ കരയണം. കരയുന്നില്ലങ്കിൽ കരയുന്നതു പോലെ അഭിനയിക്കണം.

നരക ശിക്ഷകളും താക്കീതുകളും സംബന്ധിയായ സൂക്തങ്ങൾ പാരായണം ചെയ്യുമ്പോൾ കാവൽ ചോദിക്കുകയും സ്വർഗത്തേയും അനുഗ്രഹങ്ങളേയും കുറിച്ചു പാരായണം ചെയ്യുമ്പോൾ അവയ്ക്കായി ദുആ ചെയ്യുകയും വേണം.

സജദയുടെ ആയത്ത് ഓതിയാൽ സൂജൂദ് ചെയ്യണം. ഖുർആൻ ഓതാൻ ഉദ്ദേശിച്ചാൽ അഊദും ബിസ്മിയും ചൊല്ലണം.

അഹംഭാവമുണ്ടാകുന്നവർ പതുക്കെയും അല്ലാത്തവർ നിസ്കരിക്കുന്നവനും ഉറങ്ങുന്നവനും ശല്യമാവാത്ത നിലയിൽ ഉറക്കെയുമാണ് ഓതേണ്ടത്. ഖുർആനിൽ നോക്കി ഓതലാണ് കൂടുതൽ പുണ്യം. നല്ല ശൈലിയിലും ശബ്ദത്തിലും പാരായണം ചെയ്യണം. പാരായണ നിയമത്തിനും പരിധിക്കും വിധേയമായിരിക്കണം. നിസ്കാരത്തിൽ ഓതുന്നത് കൂടുതൽ ശ്രേഷ്ഠമാണ്. ഇശാ-മഗ്രിബിനിടയിലും അർദ്ധരാത്രിക്കു ശേഷവും സുബ്ഹിക്ക് ശേഷവും ശ്രേഷ്ഠമായ സമയങ്ങളാണ്. ചുരുങ്ങിയത് ഒരു വർഷത്തിൽ രണ്ട് ഖത്മ് ചെയ്യണം.

# ഖുർആനിനെ അനാദരിക്കൽ

ഖുർആനിനെ അനാദരിക്കൽ കടുത്ത ശിക്ഷകൾക്കിടയാക്കുന്നകുററകൃത്യമാണ്. ഖുർആനെ അവഹേളിക്കലും നിസാരപ്പെടുത്തലും ഇസ്ലാമിൽ നിന്നും പുറത്ത് പോകാനിടവരുത്തും.

ഖുർആൻ നജസുകൊണ്ടെഴുതൽ, നജസായ വസ്തുവിൽ എഴുതൽ, അതുകൊണ്ട് ഖുർആൻ തൊടൽ, ഖുർആനെഴുതിയ വസ്തുക്കൾ ചവിട്ടൽ, ഖുർആനിൽ കാശ് പോലുള്ളവ സൂക്ഷിക്കൽ, അമുസ്ലിമിനു മുസ്ഹഫ് നൽകൽ, മുസ്ഹഫിനു നേരെ കാൽ നീട്ടൽ, തുടങ്ങിയവയെല്ലാം നിഷിദ്ധങ്ങളാണ്.

അനാവശ്യമായി ഖുർആൻ കരിച്ചു കളയൽ ഹറാമാണ്. നിസ്സാരപ്പെടുത്താനാണെങ്കിൽ അത് കുഫ്റിലേക്ക് നയിക്കും. ഖുർആനെഴുതിയ കടലാസുകളും മററും കരിച്ചുകളയൽ കറാഹത്താണ്. നജസിൽ വീഴുന്നതിൽ നിന്നും സൂക്ഷിക്കാൻ മററു വഴികളില്ലങ്കിൽ അതു നിർബന്ധമാണ്.

## *ഖുർആൻ ചുംബിക്കൽ,*

ശുദ്ധിയുള്ളവർക്ക് ഖുർആൻ ചുംബിക്കൽ അനുവദനീയമാണ്.

പള്ളിയുടേയോ മറേറാ ചുവരുകളിൽ ഖുർആൻ എഴുതൽ കറാഹത്താണ്.

## ആയാത്തുശ്ശിഫാഅ്

ആയാത്തുശ്ശിഫാഅ് എന്ന പേരിൽ അറിയപ്പെടുന്ന ആറ് ആയത്തുകളുണ്ട് ഖുർആനിൽ അവ:

وَيَشْفِ صُدُورَ قَوْمٍ مُّؤْمِنِينَ ﴿١٤﴾ (التوبة ١٤)

وَشِفَآءٌ لِّمَا فِى ٱلصُّدُورِ وَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٥٧﴾ (يونس ٥٧)

فِيهِ شِفَآءٌ لِّلنَّاسِ ۗ إِنَّ فِى ذَٰلِكَ لَءَايَةً لِّقَوْمٍ يَتَفَكَّرُونَ ﴿٦٩﴾ (النحل ٦٩)

وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ (الإسراء ٨٢)

وَإِذَا مَرِضْتُ فَهُوَ يَشْفِينِ ﴿٨٠﴾ (الشعراء ٨٠)

قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ (فصلت ٤٤)

ഈ ആയത്തുകൾ രോഗിയുടെ മേൽ ഓതി ഊതുന്നത് രോഗ ശമനത്തിന് കാരണമാകും بإذن الله . ആത്മീയവും മാനസികവും ശാരീരികവുമായ എല്ലാ രോഗങ്ങൾക്കും ശമനം ഖുർആനിലുണ്ട്.

## ഖുർആൻ അനറബി ഭാഷയിലെഴുതൽ

വിശുദ്ധ ഖുർആൻ അറബിയല്ലാത്ത ഭാഷയിൽ എഴുതൽ നല്ലതല്ലന്നാണ് ഭൂരിഭാഗം പണ്ഡിതരുടെയും അഭിപ്രായം. ഇമാം ബൈഹഖി തൻെറ ശുഅ്ബുൽ ഈമാൻ എന്ന കിതാബിൽ പറയുന്നത് കാണുക: “വല്ലവനും മുസ്ഹഫ് എഴുതുകയാണെങ്കിൽ മഹത്തുക്കാളയാ സ്വഹാബത്ത് മുസ്‌ഹഫുകളെ എഴുതിയ അതേ ഹിജാഇയ്യായ അക്ഷരങ്ങളുടെ മേൽ സൂക്ഷിച്ചു എഴുതുകയും അതിൽ അവർക്ക് എതിർ പ്രവർത്തിക്കലും അവർ എഴുതിയ ഒന്നിനെയും മാററം വരുത്താരിതിക്കലും കടമയാകുന്നു. കാരണം അവരാണ് നമ്മേക്കാൾ പണ്ഡിത്യം ഉള്ളവരും വിശ്വസ്തരും അതുകൊണ്ട് അവർ ചെയ്തതിനെതിരിൽ അധികപററായി നാം ഒന്നും ചെയ്തുകൂടാ”

ഇനി, ഖുർആൻ അറബിയല്ലാത്ത ഭാഷയിലെഴുതിയാലും അതിനെ ആദരിക്കണം. ശുദ്ധി കൂടാതെ അതിനെ തൊടലും ചുമക്കലുമൊക്കെ നിഷിദ്ധം തന്നെ.

## *ഫാതിഹയിൽ സാധാരണ വരുന്ന അപാകതകൾ:*

1) "ബി" എന്നതിൻെറ കസ്റ് വ്യക്തമാകാതിരിക്കൽ.

2) "സ്" എന്നതിൽ ഖൽഖലത്ത് (മഖ്റജിൽ അമർത്തി ഉച്ചരിക്കൽ) ഒഴിവാക്കുകയും പക്ഷി സ്വരം കൊടുക്കകുയും വേണം.

3) الله എന്നതിലെ അവസാനത്തെ അക്ഷരമായ "ـه" എന്നത് ح ആയി ഉച്ചരിക്കുന്നത് ശ്രദ്ധിക്കണം.

4) الرحمن الرحيم എന്നതിലെ "റ" –ാഉകൾക്ക് തഫ്ഖീമ് കൊടുക്കുകയും "ർർ" എന്ന് ആവർത്തന സ്വരം വരുന്നത് സൂക്ഷിക്കകുയും വേണം. ഇവയിലെ "റാഉൻെറ" ശദ്ദും വെളിവാക്കണം. ح _ഉകൾ ـه ആകുന്നത് ശ്രദ്ധിക്കണം.

   الرحمن الرحيم എന്നതിനെ ശേഷമുള്ള ആയത്തായ مالك يوم الدين എന്നതിലേക്ക് ചേർത്ത് ഓതുമ്പോൾ, ആദ്യത്തെ ആയത്തിലെ അവസാനത്തെ അക്ഷരവും (الرحيم) രണ്ടാമത്തെ ആയത്തിലെ ആദ്യത്തെ അക്ഷരവും (مالك) 'മീമ'ായതു കൊണ്ട് രണ്ടും വെളിവാകണം അങ്ങിനെ ചേർത്ത് ഓതുമ്പോൾ ഏററവും നല്ലത് 'റഹീമി' എന്ന് കസ്റ് കൊടുത്ത് ഓതലാണ് എന്നാൽ അക്ഷരം വിട്ടുപോവുകയില്ല.

5) الحمد എന്നതിലെ അലിഫ് വ്യക്തമാക്കുക. ح –ാഅ് ـه ആകുന്നത് ശ്രദ്ധിക്കുക.

6) رب العالمين എന്നത് "റബ്ബില്ലാലമീന" എന്നാവുന്നത് ശ്രദ്ധിക്കുക.

7) يوم എന്നതിലെ "യ" "യൊ" ആവുന്നത് ശ്രദ്ധിക്കുക.

8) الدين നിലെ "ദ്ദീ" എന്ന അക്ഷരം "തി" ആവുന്നതും ശ്രദ്ധിക്കുക.

9) രണ്ട് إياك യിലും "യ" എന്ന അക്ഷരത്തിന് ശദ്ദു കൊടുക്കുകയും "ജ" ആയി മാറുന്നത് സൂക്ഷിക്കുകയും വേണം.

10) اهدنا എന്നതിലെ "അലിഫി" നെ വെളിവാക്കുന്നതോടൊപ്പം "ഹ്" എന്നതിൽ ഖൽഖലത്ത് വരുന്നത് സൂക്ഷിക്കുക.

11) المستقيم എന്നതിലെ ت എന്ന അക്ഷരം ط ആയി മാറുന്നത് സൂക്ഷിക്കുക.

12) أنعمت യിലെ സുകൂനായ നൂനിനെ വെളിവാക്കുക. മണിക്കാൻ പാടില്ല.

13) غير യിലെ "റി" എന്ന അക്ഷരത്തെ തർഖീക്കാക്കുക. മലയാളത്തിലെ "കറി" എന്നതിൻെറയും "കരി" എന്നതിൻെറയും ഇടയിലുള്ള ശബ്ദമാണത്.

14) المغضوب എന്നതിലെയും ولا الضالين എന്നതിലെയും ض ൻെറ മഖ്റജ് ശ്രദ്ധിക്കുക. (നാവിൻെറ അരുവിനെ അണപ്പല്ലുകളോട് ചേർത്ത് ഉച്ചരിക്കുക)

15) عليهم ولا എന്നതിലെ മീമിന് സുകൂനായത് കൊണ്ടും ശേഷമുള്ള അക്ഷരമായ വാവും മീമിനെപ്പോലെ ചുണ്ടിൽ നിന്ന് പുറപ്പെടുന്ന അക്ഷരമായതുകൊണ്ടും മീമിനെ പ്രത്യേകം വെളിവാക്കണം. അതവാ മീമ് ഉച്ചരിക്കാൻ ചുണ്ട് അടഞ്ഞു തുറന്നതിന് ശേഷം വീണ്ടും വാവിനെ ഉച്ചരിക്കാൻ ചുണ്ട് അടയണം.

آمين എന്നതിൻെറ ഏററവും ശരിയായ ഉച്ചാരണം "ആമീീൻ" എന്നാണ്. "അമീൻ" , "ആാാമീീീീീൻ" എന്നൊതൊക്കെ തെററാണ്. "ആാാമ്മീീീൻ" എന്ന് മീമിന് ശദ്ദ് കൊടുത്ത് ഉച്ചരിക്കാവുന്നതാണ്.

നിസ്കരിക്കുന്നവന്റെ ഫാതിഹ പരിഗണനീയമാവാൻ ഒമ്പതോളം നിർബന്ധ ഘടകങ്ങൾ പാലിക്കണം:

1) മുഴുവൻ ആയത്തുകളെയും ഓതുക.
2) ഫാതിഹ മുഴുവനും നിർത്തത്തിൽ ഓതുക.
3) സ്വശരീരം കേൾക്കുമാർ ശബ്ദത്തിൽ ഓതുക.
4) അറബിയിലായിരിക്കുക.
5) ശദ്ദുകളെ സൂക്ഷിക്കുക. 14 ശദ്ദുകളാണ് ഫാതിഹയിലുള്ളത്) ഒരു ശദ്ദ് ഉപേക്ഷിച്ചാൽ ഫാതിഹ ശരിയാവുകയില്ല. "ഇയ്യാക" എന്നതിനെ "ഇയാക" എന്ന് ഓതും പോലെ.
6) അക്ഷരങ്ങളുടെ മഖ്റജുകളെ സൂക്ഷിക്കുക.
7) അർത്ഥം വ്യത്യാസപ്പെടുന്ന രൂപത്തിലുള്ള പിഴവുകൾ വരാതിരിക്കുക.
8) തുടരെ ഓതൽ.
9) ഫാതിഹയുടെ ഓർഡർ തെററിപ്പിക്കാതിരിക്കുക.

ഫാതിഹയിൽ മൊത്തം ശദ്ദുകൂടാതെ 142 അക്ഷരങ്ങളാണുള്ളത്. ശദ്ദോടു കൂടെ 156 അക്ഷരങ്ങളും

***** ***** ***** ***** ******** ****** ***** *** **** ****** *** ******

*പ്രിയ കൂട്ടുകാരേ, വിശുദ്ധ ഖുർആനിന്റെ പാരായണ ശാസ്ത്രത്തിലേക്കുള്ള ഒരു ചെറിയ എത്തിനോട്ടം മാത്രമാണിത്. തജ്‌വീദിന്റെ ജ്ഞാനം ഇനിയും എത്രയോ വലുതാണ്. കൂടുതൽ കൂടുതൽ പഠിക്കുക്കുകയും തജ്‌വീദനുസരിങ്ങ് പാരായണം ചെയ്യുന്ന പ്രശസ്തരായ ഖാരിഉകളുടെ പാരായണം ശ്രവിക്കുകയു ചെയ്യുക..*

*ഇതിൽ വന്ന അപാകതകളും പോരായ്മകളും സർവ്വലോക രക്ഷിതാവായ അല്ലാഹു പൊറുത്തു തന്ന് നമ്മിൽ നിന്നും ഇത് സ്വീകരിക്കട്ടെ. വിശുദ്ധ ഖുർആൻ ഭംഗിയായും ഇഖ്ലാസോടെയും പാരായണം ചെയ്യാനും ഖുർആൻ ശഫാഅത്ത് ചെയ്ത് സ്വർഗം പ്രാപിക്കുന്നവരിൽ ഉൾപ്പെടാനും നാളെ അല്ലാഹുവിന്റെ ഖുർആൻ പാരായണം കേൾക്കാനും നമ്മേയും നമ്മുടെ ഉസ്താദുമാരേയും മാതാപിതാക്കളെയും ഭാര്യ-മക്കളെയും ഇത് വായിക്കുന്നവരെയും അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.*

*ദുആ വസിയ്യത്തോടെ, ഹുസൈൻ ബാഖവി, പൊന്നാട്.*
*ഐ.ഡി.സി ജിദ്ദ*

*وصلى الله وسلم على سيدنا محمد وعلى آله وصحبه وعلى من تبعهم بإحسان إلى يوم الدين وعلى القراء العشرة المشهورين وعلى رواتهم وعلى تلاميذهم وعلينا وعلى والدينا وعلى أساتيذنا وعلى تلاميذنا وعلى أهلينا معهم برحمته وفضله ، وآخر دعوانا أن الحمد لله رب العالمين.*